കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.lfa.kerala.gov.in**

# പിണറായി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2017-18

## ജില്ലാ ഓഡിറ്റ് കാര്യാലയം കണ്ണൂർ

**e-mail:doknr.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ./കെ.എൻ.ആർ./സി.7/1727/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497 2707698
തീയ്യതി: 29-11-2018

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡണ്ട് (സെക്രട്ടറി മുഖാന്തിരം)

പിണറായി ഗ്രാമ പഞ്ചായത്ത് .

സർ,

വിഷയം: പിണറായി ഗ്രാമപഞ്ചായത്ത് 2017-18-സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

--------

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4),ാം വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾപ്രകാരം പിണറായി ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവുചെലവു കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽനിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈറിപ്പോർട്ടിലെ 2-1,2-2,3-2എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്.(ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ15(1), 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ,തിരുവനന്തപുരം( ഏയിംസിൽ)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പ്രതി

നം.കെ.എസ്.എ./കെ.എൻ.ആർ./സി.7/1727/18 തീയ്യതി: 29.11.2018

## കണ്ണൂർ ജില്ലയിലെ പിണറായി ഗ്രാമപഞ്ചായത്തിന്റ 2017-18 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

ആമുഖം

(*1994* ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് *215(4)* , *1994* ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് *13, 1996*ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം *18* എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ പിണറായി ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.ഗ്രാമ പഞ്ചായത്ത് 01.08.2017 മുതൽ 03.09.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചിക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.ഓഡിറ്റിന്റെ ഭാഗമായി അന്വേഷണക്കുറിപ്പുകൾ 13 എണ്ണം നൽകിയതിൽ 12എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ഗ്രാമ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ബി.സന്തോഷ്, ഡെപ്യൂട്ടി ഡയറക്ടർ |

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം: | 03-09-2018 മുതൽ 14-09-2018 വരെ |

(ബി)ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | തസ്തിക |
|---|---|
| ശ്രീ.സുരേശൻ.പി.വി | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.ഉഷ.എ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.അനൂപ്.കെ.കെ. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.അന്ന എബ്രഹാം. | ഓഡിറ്റർ |

(സി)നിർവ്വഹണാധികാരികൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡണ്ട് | പി കെ ഗീതമ്മ | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | സി എം പ്രേമൻ,<br>അസിസ്റ്റന്റ് സെക്രട്ടറി(ചാർജ്) | 01-04-2017 മുതൽ 28-05-2017 വരെ |
| | പത്മനാഭൻ . കെ വി | 29-05-2017 മുതൽ 31-03-2018 വരെ |

(ഡി).നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | അജിമോൾ .ഇ. കെ | 01-04-2017മുതൽ<br>12-04-2017 വരെ |
| | അശോകൻ കല്യാടൻ | 13-07-2017 മുതൽ<br>29-10-2017 വരെ |
| | എൽദോസ് എബ്രഹാം | 30-10-2017 മുതൽ<br>31-03-2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ഷൈന വൽസൻ. പി | 01-04-2017മുതൽ<br>31-03-2018 വരെ |
| വെറ്റിനറി സർജൻ | ശ്രീധർ രാജൻ. ടി | 01.04.2017 മുതൽ<br>31-03-2018 വരെ |

| | | |
|---|---|---|
| വി.ഇ.ഒ (എരുവട്ടി) | ശ്രീജ ബാടി | 01-04-2017 മുതൽ 28-0-2017 വരെ |
| | രസില ആർ. | 29-08-2017 മുതൽ 31-03-2018 വരെ |
| വി.ഇ.ഒ | പ്രജിത്ത്.ടി.പി | 01-04-2017 മുതൽ 12-10-2017 വരെ |
| | ശ്രീജൻ പാലയാട് | 13-10-2017 മുതൽ 12-01-2018 വരെ |
| | മെറീന ജോസ്ലി ഗൊൺസാൽവസ് | 13-01-2018 മുതൽ 31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ.ഇബ്രാഹിം.കെ.എം | 01-04-2017 മുതൽ 01-06-2017 വരെ |
| | ഡോ.ഷൈന.വി.പി. | 02-06-2017 മുതൽ 01-07-2017 വരെ |
| | ഡോ.ഇബ്രാഹിം.കെ.എം | 02-07-2017 മുതൽ 15-09-2017 വരെ |
| | ഡോ.ഷൈന.വി.പി. | 16-09-2017 മുതൽ 28-09-2017 വരെ |
| | ഡോ.ഷിത രമേഷ്. | 29-09-2017 മുതൽ 04-12-2017 വരെ |
| | ഡോ.ഷൈന.വി.പി. | 05-12-2017 മുതൽ 31-03-2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | സി.എം.പ്രേമൻ. | 01-04-2017 മുതൽ 31-03-2018 വരെ |

| | | |
|---|---|---|
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | സുശീല.കെ. | 01-04-2017 മുതൽ 12-10-2017 വരെ |
| | റീന കുമാരി.എ.കെ. | 13-10-2017 മുതൽ 31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ(ജി,എ.ഡി) | സെബീന.കെ. | 01-04-2017 മുതൽ 31-03-2018 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം 1 | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |

| | | |
|---|---|---|
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം 2<br>വരവ് കണക്കിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങ ൾ | |
| 13 | വസ്തുനികുതി ഈടാക്കിയതിൽ കുറവ് | 2-1 |
| 14 | വാണിജ്യാവശ്യത്തിനായി ലൈസൻസ് എടുത്ത സ്ഥാപനങ്ങൾക്ക് പാർപ്പിടാവശ്യത്തിന് ബാധകമായ നിരക്കിൽ വസ്തുനികുതി നിർണ്ണയം നടത്തി | 2-2 |
| 15 | ഡി & ഓ ലൈസൻസ്- ഭേദഗതി ചട്ടങ്ങൾ നടപ്പാക്കുന്നതിൽ കാലതാമസം | 2-3 |
| 16 | ഡി ആൻഡ് ഓ ലൈസൻസ് അപേക്ഷയിലെ വിറ്റുവരവിന് ആനുപാതികമായ ലൈസൻസ് ഫീ ഈടാക്കിയില്ല | 2-4 |

| | | |
|---|---|---|
| 17 | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്തില്ല. | 2-5 |
| 18 | ക്രമവൽകരണ റജിസ്റ്റർ സൂക്ഷിച്ചില്ല | 2-6 |
| 19 | രശീതുകളുടെ പരിശോധന- അപാകങ്ങൾ | 2-7 |
| | ഭാഗം 3<br>ചെലവ് കണക്കിൻമേലുള്ള ഓഡിറ്റ് നിരീക്ഷ ണങ്ങൾ | |
| 20 | വാഹന ഉപയോഗം - ഇന്ധന ഉപഭോഗം സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. | 3-1 |
| 21 | ആസൂത്രണപ്രക്രിയ സ്റ്റാറ്റസ് റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തിയല്ല. | 3-2 |
| 22 | വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം സ്റ്റാൻഡിംഗ് കമ്മറ്റി വിലയിരുത്തിയിട്ടില്ല. | 3-3 |
| 23 | വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രൊജക്ടിന് പുരുഷൻമാരെ തെരഞ്ഞെടുത്തു . | 3-4 |
| 24 | മൃഗസംരക്ഷണ പദ്ധതികൾ - സർക്കാർ മാനദണ്ഡങ്ങൾ പാലിച്ചതായി ഉറപ്പ് വരുത്താതെ | 3-5 |
| 25 | എൽ.ഇ.ഡി.വിളക്ക് വാങ്ങിക്കൽ -രേഖകൾ ഹാജരാക്കിയില്ല - | 3-6 |

| | | |
|---|---|---|
| | ₹547365 തടസ്സപ്പെടുത്തിന്നു. | |
| 26 | തെരുവു വിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണി -എ.എം.സി വ്യവസ്ഥകൾ പാലിച്ചില്ല. | 3-7 |
| 27 | വിവിധ അംഗനവാടികൾ , ഘടക സ്ഥാപനങ്ങൾ എന്നിവയ്ക്ക് കുടിവെള്ള കണക്ഷൻ- പ്രവൃത്തി പൂർത്തീകരിച്ചില്ല. | 3-8 |
| 28 | കുടിവെള്ള വിതരണം - സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല. | 3-9 |
| 29 | ബില്ല് തയ്യാറാക്കുന്നതിൽ സൂക്ഷ്മതകുറവ് | 3-10 |
| 30 | ആയുർവേദ ഡിസ്പൻസറിക്ക് മുഴുവൻ മരുന്നുകളും ലഭ്യമായില്ല. | 3-11 |
| 31 | അതുല്യം തുടർ വിദ്യാഭ്യാസ പരിപാടി- വിശദാംശങ്ങൾ ലഭ്യമാക്കിയില്ല- 67950 രൂപ തടസ്സപ്പെടുത്തുന്നു. | 3-12 |
| | ഭാഗം4<br>പൊതുവിവരങ്ങളുംഓഡിറ്റ് പ്രത്യവലോകനവും | |
| 32 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |

| | | |
|---|---|---|
| 33 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 34 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 35 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 36 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 37 | ഓഡിറ്റ് റിക്കവറി | 4-6 |
| 38 | സമാഹൃത റിപ്പോർട്ട് | 4-7 |
| 39 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 40 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 41 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 42 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 43 | റസീറ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ് മെന്റ് | അനുബന്ധം2(1) |
| | ഇൻകം ആന്റ് എക്സ്പെന്റീച്ചർ സ്റ്റേറ്റ് മെന്റ് | അനുബന്ധം2(2) |
| | (3) ബാലൻസ് ഷീറ്റ് | അനുബന്ധം2(3) |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

27.03.2017തീയതിയിലെ 53/17തീരുമാനപ്രകാരം ബജറ്റ് അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പാസ്സാക്കി പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ചിട്ടുണ്ട്.വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ഒറിജിനൽ | | റിവൈസ്ഡ് | |
|---|---|---|---|
| മുന്നിരിപ്പ് | 13200000 | മുന്നിരിപ്പ് | 8406880 |
| വരവ് | 206923000 | വരവ് | 145094200 |
| ആകെ | 220123000 | ആകെ | 153501080 |
| ചെലവ് | 214328000 | ചെലവ് | 148261870 |
| നീക്കിയിരിപ്പ് | 5795000 | നീക്കിയിരിപ്പ് | 5239210 |

പഞ്ചായത്ത് അംഗീകരിച്ച ബജറ്റിലെ കണക്കും ഓഡിറ്റിന് ഹാജരാക്കിയ ബജറ്റിന്റെ പകർപ്പിലെ കണക്കും തമ്മിൽ വരവിലും ചെലവിലും 32 ലക്ഷം രൂപയുടെ വ്യത്യാസം ഉണ്ട്. സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ബജറ്റിൽ ഉൗണ ബാദ്ധ്യതയിനം കാണിക്കുന്നതിന് കോളം ഇല്ലെന്നാണ് ഇത് സംബന്ധിച്ച ഓഡിറ്റിന് നൽകിയ വിശദീകരണം. അപാകം പരിഹരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 16.05.2018 | തിരിച്ചയച്ചിട്ടില്ല | |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| 2017-18 | 22.06.2018 & 23.06.2018 | KSA/KNR/C7/1216/18 തീ.31.07.2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,98,29,693.95 |
| വരവ് | 5,72,88,690 |
| ആകെ | 7,71,18,383.95 |
| ചെലവ് | 7,39,03,069.00 |
| നീക്കിയിരിപ്പ് | 3215314.95 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് (ലാപ്സായത്) |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 14725000 | 14725000 | 14725000 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 1289212 | 1289212 | 1192256 | 96956 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 17992 | 17992 | 17992 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 6782000 | 6782000 | 6661453 | 120547 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3645000 | 3645000 | 3328698 | 316302 |

| | | | | | | |
|---|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 6915890 | 6915890 | 6915120 | 770 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 730598 | 730598 | 725483 | 5115 |
| സാക്ഷരത | | 9963 | 403 | 10366 | 0 | 10366 |
| ദുരിതാശ്വാസനിധി | | 26296 | 25549 | 51845 | 0 | 51845 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 11472237 | 11472237 | 11472237 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 2335 | 791722 | 794057 | 793060 | 997 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ഐ.സി.ഡി.എസ് | | 1164594 | 1105957 | 2270551 | 694143 | 1576408 |
| ശുചിത്വ മിഷൻ | | 118065 | 483622 | 601687 | 517241 | 84446 |
| എം.പി.ഫണ്ട് | | 9289 | 0 | 9289 | 0 | 9289 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 2047825 | 730000 | 2777825 | 2641150 | 136675 |
| | ജില്ലാ പഞ്ചായത്ത് | 20000 | 1375000 | 1395000 | 1127115 | 267885 |
| ബി ഫണ്ട് | | 0 | 300880 | 300880 | 300880 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 611416.95 | 6458082 | 12569498.95 | 6641069 | 5928429.95 |

| | | | | | | |
|---|---|---|---|---|---|---|
| | ട്രഷറി അക്കൗണ്ട് | 10476603 | 13818259 | 24294862 | 24845618 | (-)550756 |
| മറ്റിനം ( ഇ -മണൽ) | | 523187 | 19968 | 543155 | 0 | 543155 |

ജനറൽ പർപ്പസ് ഫണ്ടിനത്തിൽ 2017-18 വർഷം 11373000/-രൂപ ലഭിച്ചിട്ടുണ്ട്. ഫണ്ട് വിനിയോഗം സംബന്ധിച്ച് പ്രത്യേകം റജിസ്റ്ററോ, അപ്രോപ്രിയേഷൻ കൺട്രോൾ റജിസ്റ്ററോ സൂക്ഷിച്ചിട്ടില്ല. തുക നിക്ഷപിക്കുന്നതിന് വേണ്ടി ആരംഭിച്ചിട്ടുള്ള ട്രഷറി ടി.എസ്.ബി അക്കൌണ്ടിൽ മറ്റ് തുകകളും നിക്ഷേപിച്ച് ചെലവ് നടത്തുന്നതിനാൽ ജനറൽ പർപ്പസ് ഫണ്ടിന്റേത് മാത്രമായിട്ടുള്ള വിനിയോഗം സംബന്ധിച്ച വിവരം ലഭ്യമല്ല.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 168 | 70415833 | 135 | 44268793 | 43 | 33 | 68 |

എ) നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രൊജക്ടുകളുടെ പുരോഗതി വിവരം ചുവടെ കാണിക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 33 | 28 | 14813892 | 9834818 | 66.39 |
| കൃഷി ഓഫീസർ | 10 | 10 | 6109228 | 3716595 | 60.84 |
| വെറ്ററിനറി സർജൻ | 06 | 06 | 2188000 | 1425500 | 65.15 |
| വി.ഇ.ഒ | 18 | 17 | 7212596 | 4391343 | 60.88 |

| | | | | | |
|---|---|---|---|---|---|
| അസി.എഞ്ചിനിയർ | 82 | 56 | 30681487 | 16187534 | 52.76 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 04 | 03 | 6620568 | 6189811 | 93.49 |
| മെഡിക്കൽ ഓഫീസർ (ജി.എ.ഡി) | 01 | 01 | 700000 | 700000 | 100 |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 01 | 01 | 700000 | 700000 | 100 |
| അസി.സെക്രട്ടറി | 13 | 13 | 1390082 | 1123192 | 80.80 |

അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിൽ 2017-18 വർഷം മരാമത്ത് ഒഴികെയുള്ള പ്രൊജക്ടുകളിൽ ഗ്രാമ പഞ്ചായത്തിന് പുരോഗതി കൈവരിക്കാൻ സാധിച്ചുണ്ട്. ആകെ അംഗീകാരം ലഭിച്ച 168 പ്രൊജക്ടുകളിൽ 135 എണ്ണം നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികൾ ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ സാധിച്ചില്ലയെന്നത് പോരായ്മയാണ്. ആകെ 82 പ്രൊജക്ടുകൾ നടപ്പിലാക്കുവാൻ ഉദ്ദേശിച്ചെങ്കിലും 56 എണ്ണം മാത്രമേ നടപ്പിലാക്കാൻ സാധിച്ചുള്ളൂ. അതേ സമയം ലഭ്യമായ ഫണ്ടുകൾ വിനിയോഗിക്കുന്ന കാര്യത്തിൽ പുരോഗതി കൈവരിച്ചിട്ടുണ്ട്. വികസന ഫണ്ട് ജനറൽ വിഭാഗത്തിൽ ലഭ്യമായ ഫണ്ടിന്റെ (1,47,25,000 /-)100% തുകയും വിനിയോഗിക്കാൻ കഴിഞ്ഞിട്ടുണ്ട്. മറ്റു ഫണ്ടുകളുടെ വിനയോഗത്തിന്റെ കാര്യത്തിലും പുരോഗതി ഉണ്ടായിട്ടുണ്ട്.

പദ്ധതി ആസൂത്രണം,നിർവ്വഹണം, മോണിറ്ററിംഗ് എന്നിവയിലും ഇതുമായി ബന്ധപ്പെട്ടിട്ടുള്ള നടപടി ക്രമങ്ങൾ പാലിക്കുന്നതിലും പഞ്ചായത്തിന്റെ മൊത്തത്തിലുള്ള പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതായുണ്ടെന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു.

ജി.ഒ.(എം.എസ് )10/17തസ്വഭവ.തീ.09.01.2017ഉത്തരവ് പ്രകാരം വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിന്റെ മുന്നോടിയായി തദ്ദേശഭരണ സ്ഥാപനങ്ങളിൽ ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിക്കുന്നതിന് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് പഞ്ചായത്തിൽ ആസൂത്രണ സമിതി രൂപീകരിക്കുകയും 16.01.2017 ലെ 5/17 തീരുമാന പ്രകാരം പഞ്ചായത്ത് ഇത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. തദ്ദേശ ഭരണ സ്ഥാപനത്തിലെ പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിന് വേണ്ട സഹായം നൽകുക എന്നതാണ് ആസൂത്രണ സമിതിയുടെ പ്രധാന ദൌത്യം.2017-18 വർഷം തുടക്കം മുതൽ സമിതി യോഗം ചേർന്നതിന്റെയും തീരുമാനങ്ങളുടെ വിവരങ്ങളും മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല.ചേർന്ന തീയ്യതിമാത്രം പെൻസിൽ കൊണ്ട് രേഖപ്പെടുത്തി പങ്കെടുത്തവരുടെ വിവരങ്ങളോ ചർച്ച ചെയ്ത വിഷയങ്ങളോ തീരുമാനങ്ങളോ എഴുതാതെ ഒഴിച്ചുവച്ചിട്ടുള്ള സ്ഥിതിയാണ് കാണാനായത്. എന്നാൽ തുടക്കത്തിൽ വന്ന പോരായ്മ പിന്നീട് പരിഹരിച്ചിട്ടുണ്ടെന്ന് ഓഡിറ്റ് സമാപനയോഗത്തിൽ സെക്രട്ടറി അറിയിക്കുകയുണ്ടായി.

മേൽ ഉത്തരവ് പ്രകാരം പഞ്ചായത്തിൽ അനിവാര്യമായ 12 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്.2017-18വർഷത്തേക്കുള്ള പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ലെന്ന് വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് പരിശോധിച്ചതിൽ നിന്നും വ്യക്തമായി. മിനിട്സുകൾ പലതും അപൂർണ്ണമാണ്. ചർച്ച ചെയ്ത വിഷയങ്ങളോ തീരുമാനങ്ങളോ എഴുതുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കുറ്റമറ്റരീതിയിൽ നടത്തുമെന്നും രേഖകളുടെ സൂക്ഷിപ്പ് സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് ഭാവിയിൽ തയ്യാറാക്കുന്നതാണെന്നും ഓഡിറ്റ് സമാപനയോഗത്തിൽ സെക്രട്ടറി വിശദീകരിച്ചു. ഏതാനും വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം അവലോകനം നടത്തിയപ്പോൾ കണ്ട ന്യൂനതകൾ പ്രത്യേക ഖണ്ഡികയായി തയ്യാറാക്കിയിട്ടുണ്ട്.(ഖ.3-2 )

പദ്ധതികൾ അംഗീകരിച്ചതിന് ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് നടപ്പിലാക്കുന്ന പ്രൊജക്ടുകൾ മോണിറ്റർ ചെയ്യണം. എന്നാൽ ഓഡിറ്റ് കാലയളവിൽ മോണിറ്ററിംഗ് കമ്മിറ്റികളുടെ പ്രവർത്തനം തൃപ്തികരമല്ല. പ്രൊജക്ടുകൾ അവയുടെ നിർവ്വഹണത്തിന്റെ ഓരോ ഘട്ടത്തിലും നിരന്തര മോണിറ്ററിംഗ് നടത്തേണ്ടതുണ്ടെങ്കിലും കമ്മിറ്റി ഒരിക്കൽ പോലും യോഗം ചേർന്ന് പദ്ധതികളുടെ ജയ പരാജയങ്ങൾ വിലയിരുത്തലിന് വിധേയമാക്കിയിട്ടില്ല.ഏതാനും നിർവ്വഹണ ഉദ്യോഗസ്ഥർ മോണിറ്ററിംഗ് റിപ്പോർട്ട് ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ടെങ്കിലും വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്ന് പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്താത്തത് നിർവ്വഹണത്തിൽ സംഭവിച്ചിട്ടുള്ള വീഴ്ചയായി കാണുന്നു. ഓരോ വർക്കിംഗ് ഗ്രൂപ്പും പ്രവർത്തിക്കേണ്ടത് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിലാണെങ്കിലും സ്റ്റാന്റിംഗ് കമ്മിറ്റികൾ ഇക്കാര്യത്തിൽ വേണ്ടത്ര ഇടപെടലുകൾ നടത്തിയിട്ടില്ല. പ്രൊജക്ട് മോണിറ്ററിംഗിൽ സംഭവിച്ചിട്ടുള്ള പോരായ്മകൾ പരിഹരിക്കുന്നതിന് ഈ വിഷയം അതാത് സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും പഞ്ചായത്ത് ഭരണ സമിതിയുടെയും ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2335 | 791722 | 794057 | 793060 | 997 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 11472237 | 11472237 | 11472237 | 0 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 35880 | 68 |
| കർഷകതൊഴിലാളി പെൻഷൻ | 7746700 | 678 |
| വിധവാപെൻഷൻ | 12737200 | 1094 |
| വാർദ്ധക്യകാലപെൻഷൻ | 34512900 | 2766 |
| വികലാംഗപെൻഷൻ | 4131500 | 360 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതകർക്കുള്ള പെൻഷൻ | 3091400 | 359 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.09.2018ൻ സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 589/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ഭരണനിർവഹണവും ആഭ്യന്തര നിയന്ത്രണസംവിധാനവും കാര്യക്ഷമമായ രീതിയിൽ നടക്കുന്നതായി രേഖകളിൽ നിന്നും വ്യക്തമാകുന്നു. ഓഡിറ്റ് കാലയളവിൽ ജീവനക്കാരുടെ പ്രതിമാസ യോഗം എല്ലാമാസവും വിളിച്ചുചേർക്കുകയും യോഗത്തിൽ ഉദ്യോഗസ്ഥരുടെ ജോലി പുരോഗതിയും പഞ്ചായത്ത് നൽകിവരുന്ന സേവനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ചും പദ്ധതി ചെലവ് പുരോഗതിയും നികുതി പിരിവിന്റെ പുരോഗതിയും അവലോകനം ചെയ്യുന്നുണ്ട്. എന്നിരുന്നാലും പഞ്ചായത്തിന്റെ മൊത്തത്തിലുള്ള പ്രവർത്തനം പ്രത്യേകിച്ച് ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ എന്നിവ കൂടുതൽ കാര്യക്ഷമമായി വിലയിരുത്തപ്പെടേണ്ടതുണ്ട്. വിശദമായ ഓഫീസ് ഉത്തരവ് മുഖേന ജീവനക്കാർക്ക് ആവശ്യമായ ഉത്തരവുകളും നിർദ്ദേശങ്ങളും നൽകിവരുന്നുണ്ട്. ഓരോ ജീവനക്കാരനെയും ഏൽപ്പിക്കുന്ന ചുമതലകൾ കാര്യക്ഷമമായും ഫലപ്രദമായും സമയബന്ധിതമായും നടക്കുന്നുണ്ടെന്ന് സെക്ഷനുകളുടെ മേൽനോട്ട ചുമതലയുള്ള മേൽ ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതായുണ്ട്.

ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിക്കാത്തത് പോരായ്മയായി കാണുന്നു. ഗ്രാമപഞ്ചായത്തിൽ ലഭിക്കുന്ന അപേക്ഷകൾക്കും പരാതികൾക്കും യഥാസമയം സേവനം ലഭ്യമാക്കുന്നുണ്ടെന്നും ഫയലുകൾ തീർപ്പ് കൽപ്പിക്കപ്പെടുന്നുണ്ടെന്നും ഉറപ്പുവരുത്തേണ്ടതാണ്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ മേലുദ്യോഗസ്ഥർ പരിശോധിക്കുന്നില്ല. ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിൻ പ്രസിഡണ്ട് ചെയർമാനായി ഒരു മോണിറ്ററിംഗ് സമിതി രൂപീകരിക്കേണ്ടതുണ്ടെങ്കിലും ഇപ്രകാരം നടന്നിട്ടില്ല.

കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 162(എ)പ്രകാരം പൊതു ഭരണം എന്ന ചുമതല ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമാണ്. പഞ്ചായത്തിന്റെ ഭരണ സംവിധാനം കുറ്റമറ്റതാക്കുന്നതിൽ പൊതുഭരണ ചുമതലയുള്ള ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടൽ ഉണ്ടാവേണ്ടതാണ്. ഓഫീസിന്റെ ആന്തരിക സംവിധാനത്തിന്റെ കാര്യക്ഷമമായ നടത്തിപ്പിന് ആവശ്യമായ ഓഫീസ് ക്രമീകരണങ്ങൾ ഏർപ്പെടുത്തൽ, ഫ്രണ്ട് ഓഫീസ് നടത്തിപ്പ്, നൽകുന്ന സേവനങ്ങളുടെ നിലവാരം വിലയിരുത്തൽ, ഓഫീസ് ചുമതലാ വിഭജനവും പ്രവർത്തനവും, സ്റ്റാഫ് മീറ്റിംഗ് നടത്തിപ്പും വിലയിരുത്തലും തുടങ്ങിയ വിഷയങ്ങളിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നിരന്തര ഇടപെടലുകൾ ഉണ്ടാകേണ്ടതുണ്ട്. പൊതു ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിന്റെ ഭാഗമായി പഞ്ചായത്തിൽ ഹെൽപ് ഡസ്ക് സൌകര്യം ഏർപ്പെടുത്തിയിട്ടുള്ളത് മാതൃകാപരമാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20/06/2018 | 01.05.2108 മുതൽ 31.05.2018വരെ | 22/06/2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.06.2013 | 2010-11 | 19/07/2013 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. ട്രയൽ ബാലൻസ് നീക്കിയിരിപ്പിൽ (code no.310900101) Excess of Income Over Expenditure -11377602.80/- രേഖപ്പെടുത്തേണ്ടതിന് പകരം 8912655.8 ആണ് രേഖപ്പെടുത്തിയിരിക്കുന്നത്. ബാലൻസ് ഷീറ്റ് B1 ഷെഡ്യൂളിൽ (code no.310900101) Excess of Income Over Expenditure 11377602.80 ആണ്.

2.ആസ്തി റജിസ്റ്റർ കാലികമാക്കിയിട്ടില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി ഈടാക്കിയതിൽ കുറവ്

ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി പരിഷ്കരണ അന്തിമ വിജ്ഞാപന പ്രകാരം(15-10-2011 ലെ

സി1-5174/11) വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന 100 ചതുരശ്ര മീറ്റർ വരെയുള്ള ഷോപ്പുകൾക്ക് ഒരു ചതുരശ്ര മീറ്ററിന് 30 രൂപയും 100 ചതുരശ്ര മീറ്ററിനു മുകളിലുള്ളവയ്ക്ക് 50 രൂപയുമാണ് അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5)പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്തഭാഗങ്ങൾ ഒരേ സമയം ചട്ടം4-ഉപചട്ടം-1ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ അവയെ വേറെ വേറെ കെട്ടിടഭാഗങ്ങളായി കണക്കാക്കി ഓരോ കെട്ടിടഭാഗത്തിനും പ്രത്യേകം വസ്തുനികുതി ചുമത്തുവാൻ പാടുള്ളൂ. എന്നാൽ പിണറായി ഗ്രാമപഞ്ചായത്തിലെ മാണിയത്ത് പുത്തിലോക്കുന്നത്ത് രാഗീഷ് എന്നയാളുടെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിന് മാത്രം ഉപയോഗിക്കുന്ന 100 ച.മീ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് 100ച.മീ കുറവുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി നിരക്കായ ചതുരശ്രമീറ്ററിന് 30/-രൂപയാണ് ചുമത്തിയത്. ആകെ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി കണക്കാക്കാതെ കെട്ടിടത്തിലെ മുറികളുടെ ഓരോന്നിന്റെയും വിസ്തീർണ്ണം പ്രത്യേകം കണക്കാക്കി ഒരു ചതുരശ്ര മീറ്ററിന് 50 രൂപ എന്നതിനു പകരം 30 രൂപ എന്ന തോതിൽ നികുതി നിർണ്ണയിച്ചിട്ടുള്ളത് ക്രമപ്രകാരമല്ല.വിശദ വിവരം ചുവടെ ചേർക്കുന്നു.

| കെട്ടിട നം./ അസ്സസ്മെന്റ് നം. | തറ വിസ്തീർണ്ണം (ചതുരശ്ര മീറ്ററിൽ) | ഡിമാന്റ് ചെയ്ത വസ്തുനികുതി + (ഗ്രന്ഥശാല വരി 5%+ സർവ്വീസ് ചാർജ് 2%) | ഡിമാന്റ് ചെയ്യേണ്ട വസ്തുനികുതി + (ഗ്രന്ഥശാല വരി 5%+ സർവ്വീസ് ചാർജ് 2%) | വ്യത്യാസം/ കുറവ് | കുറിപ്പ് | രശീതി നമ്പർ |
|---|---|---|---|---|---|---|
| വാർഡ്-17 123/A | 33.75 | 1301 | 2168 | 867 | വഴി സൗകര്യം 20% വർദ്ധനവ് | 117080101011/ 02.06.17 |
| 123/B | 26.74 | 1032 | 1719 | 687 | വഴി സൗകര്യം 20% വർദ്ധനവ് | 117080101012/ 02.06.17 |

| | | | | | | |
|---|---|---|---|---|---|---|
| 123/C | 15.04 | 581 | 968 | 387 | വഴി സൗകര്യം 20% വർദ്ധനവ് | 117080101013/ 2.6.17 |
| 123/D | 33.09 | 1276 | 2126 | 850 | വഴി സൗകര്യം 20% വർദ്ധനവ് | 117080101014/ 02.6.17 |
| 123/E | 37.61 | 1378 | 2316 | 938 | വഴി സൗകര്യം 20% വർദ്ധനവ്<br>ബഹുനില കെട്ടിടം 5% കുറവ് | 117080101015/ 02.6.17 |
| 123/F | 30.29 | 1110 | 1865 | 755 | വഴി സൗകര്യം 20% വർദ്ധനവ്<br>ബഹുനില കെട്ടിടം 5% കുറവ് | 117080101016/ 2.6.17 |
| 123/G | 18.4 | 675 | 1133 | 458 | വഴി സൗകര്യം 20% വർദ്ധനവ്<br>ബഹുനില കെട്ടിടം 5% കുറവ് | 117080101017/ 2.6.17 |

| | | | | | | |
|---|---|---|---|---|---|---|
| 123/H | 40.5 | 1484 | 2493 | 1009 | വഴി സൗകര്യം 20% വർദ്ധനവ് ബഹുനില കെട്ടിടം 5% കുറവ് | 117080101018/ 2.6.17 |
| | 235.42 | 8837 | 14788 | 5951 | | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10) മറുപടിയായി മേൽ കെട്ടിടങ്ങൾക്ക് ചതുരശ്രമീറ്ററിന് 50/- രൂപ നിരക്കിൽ വസ്തുനികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കുറവ് വന്ന തുക ഈടാക്കി വിവരം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 വാണിജ്യാവശ്യത്തിനായി ലൈസൻസ് എടുത്ത സ്ഥാപനങ്ങൾക്ക് പാർപ്പിടാവശ്യത്തിന് ബാധകമായ നിരക്കിൽ വസ്തുനികുതി നിർണ്ണയം നടത്തി .

2017-18 വർഷത്തെ വാർഡ് അടിസ്ഥാനത്തിലുള്ള ഡി & ഓ ലൈസൻസ് ഡിമാൻഡ് രജിസ്റ്ററിൽ വാണിജ്യാവശ്യത്തിനായി ഡി&ഓ ലൈസൻസ് എടുത്ത ചില സ്ഥാപനങ്ങളുടെ കെട്ടിട നമ്പർ സഞ്ചയയിൽ പരിശോധിച്ചപ്പോൾ ആയതിന്റെ ഉപയോഗക്രമം പാർപ്പിടാവിശ്യത്തിന് എന്ന് കണക്കാക്കി വസ്തുനികുതി നിർണ്ണയം നടത്തിയതായി കണ്ടു. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ഉടമസ്ഥന്റെ പേര് വാർഡ്/ കെട്ടിട നം | ലൈസൻസിയുടെ പേര് | വാണിജ്യ ഇനം | കെട്ടിടത്തിന്റെ വിസ്തീർണ്ണം (/ച.മീ.) | ഡി & ഓ രശീതി നം. | ഈടാക്കിയ നിരക്ക് | ഈടാക്കേണ്ട നിരക്ക് |
|---|---|---|---|---|---|---|---|
| 1 | കുമ്പളപ്രവൻ കൃഷ്ണൻ 7/543 | പുത്തലത്ത് സുരേശൻ | റേഡിയോ റിപ്പയർ | 98.36 | 117080107744/ 22-2-18 | 4/ച.മീ. | 30/ച.മീ. |
| 2 | പി.വി.രേഖ 7/567 | പി.വി.രേഖ | പലഹാര വിൽപന | 28.52 | 117080108023/ 27-02-18 | 4/ച.മീ. | 30/ച.മീ. |

| | | | | | | | |
|---|---|---|---|---|---|---|---|
| 3 | പി.പി. കനകവല്ലി 7/9 | ചാത്തോത്ത് കൊടൻ | മൺപാത്രം, കയർ നിർമ്മാണം | 81.92 | 117080107239 /5-2-18 | 4/ച.മീ. | 30/ച.മീ. |

ആയതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (എൻക്വയറി നം.10/12.09.18) ക്രമ നം.3 ൽ 7/9A എന്ന കെട്ടിടത്തിനാണ് ലൈസൻസ് അനുവദിച്ചിരിക്കുന്നതെന്നും രജിസ്റ്ററിൽ എഴുതിയപ്പോൾ വന്ന പിശകാണെന്നും അറിയിച്ചിട്ടുണ്ട്. ക്രമ നം. 1,2 എന്നീ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾക്ക് വാണിജ്യാവശ്യത്തിന് എന്ന് കണക്കാക്കി വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

## 2-3 ഡി & ഓ ലൈസൻസ്- ഭേദഗതി ചട്ടങ്ങൾ നടപ്പാക്കുന്നതിൽ കാലതാമസം

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതി വരുത്തിക്കൊണ്ട് 31.10.2017 ലെ ജി.ഒ.(പി) 80/2017 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.ചട്ടം ഭേദഗതി ചെയ്തിട്ടുള്ളതിനാൽ 31.10.2017 ന് ശേഷം ലൈസൻസ് നൽകേണ്ടിയിരുന്നത് ജി.ഒ.(പി) 80/2017 അടിസ്ഥാനമാക്കിയായിരുന്നു. ആയതു പ്രകാരം ഈടാക്കേണ്ടുന്ന ലൈസൻസ് ഫീസ് ചുവടെ ചേർക്കുന്നു.

| ഇനം | ഈടാക്കാവുന്ന പരമാവധി ഫീസ് |
|---|---|
| മൈക്രോ എൻർപ്രൈസസ്(മൂലധന നിക്ഷേപം നിർമ്മാണ മേഖലയിൽ 25,00,000ൽ കവിയാത്തവ,സേവന മേഖലയിൽ 10,00,000 ൽ കവിയാത്തവ ) | 500 |
| മിനി എൻർപ്രൈസസ്(മൂലധന നിക്ഷേപം നിർമ്മാണ മേഖലയിൽ 25,00,000 ന്ന മുകളിലും 1,00,00,000 ക്ക് താഴെ,സേവന മേഖലയിൽ 10,00,000 ന്ന മുകളിലും 50,00,000ന്ന താഴെ ) | 1,000 |
| സ്മോൾ എൻർപ്രൈസസ്(മൂലധന നിക്ഷേപം നിർമ്മാണ | 5,000 |

| | |
|---|---|
| മേഖലയിൽ 1,00,00,000 ക്ക് മുകളിലും5,00,00,000 ക്ക് താഴെയും,സേവന മേഖലയിൽ 50,00,000 ന മുകളിലും 2,00,00,000ക്ക് താഴെയും ) | |
| മീഡിയം എൻർപ്രൈസസ്(മൂലധന നിക്ഷേപം നിർമ്മാണ മേഖലയിൽ 5,00,00,000 ന മുകളിലും 10,00,00,000 ക്ക് താഴെ,സേവന മേഖലയിൽ 2,00,00,000 ക്ക് മുകളിലും 5,00,00,000ന താഴെ) | 10,000 |
| ലാർജ് എൻർപ്രൈസസ്(മൂലധന നിക്ഷേപം നിർമ്മാണ മേഖലയിൽ 10,00,00,000 ക്ക് മുകളിലും ,സേവന മേഖലയിൽ 5,00,00,000 ക്ക് മുകളിലും ) | 15,000 |

എന്നാൽ സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ച് മൂന്ന മാസത്തിനുശേഷമാണ് പഞ്ചായത്തു ഭരണസമിതി ആയതു നടപ്പിലാക്കുന്നത് സംബന്ധിച്ച് തീരുമാനം എടുത്തത്(തീരുമാനം നം.17/78/2018 (22.02.18) തിയതി). ലൈസൻസ് ചട്ടം ഭേദഗതി ചെയ്തതിന് ശേഷമുള്ള പുതിയ നിരക്ക് 2018-19 സാമ്പത്തിക വർഷം മുതലാണ് ഈടാക്കിയിരിക്കുന്നത്. ഭേദഗതി ചട്ടം നടപ്പാക്കുന്നതിൽ കാലതാമസം വരാൻ കാരണം വിജ്ഞാപനം സംബന്ധിച്ച അറിയിപ്പ് വെബ് സൈറ്റിൽ വന്നത് ഏറെ വൈകിയാണെന്നും അതുപോലെ നിരക്കിൽ വന്ന മാറ്റം നടപ്പിലാക്കുന്ന വേളയിൽ ചില പ്രാദേശിക പ്രശ്നങ്ങൾ ഉണ്ടായെന്നും എക്സിറ്റ് മീറ്റിംഗിൽ അറിയിക്കുകയുണ്ടായി. എന്തുതന്നെയായാലും ഇക്കാര്യത്തിൽ പഞ്ചായത്ത് തീരുമാനം എടുക്കുവാൻ വൈകിയതിനാൽ ലൈസൻസ് ഫീസിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട അധിക വരുമാനം നഷ്ടപ്പെടുവാനിടവന്നിട്ടുണ്ടെന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു.

## **2-4** ഡി ആൻഡ് ഓ ലൈസൻസ് അപേക്ഷയിലെ വിറ്റുവരവിന് ആനുപാതികമായ ലൈസൻസ് ഫീ ഈടാക്കിയില്ല

താഴെപ്പറയുന്ന സ്ഥാപനങ്ങളുടെ ഡി ആൻഡ് ഓ ലൈസൻസ് അപേക്ഷയിൽ അപേക്ഷകൻ രേഖപ്പെടുത്തിയിരിക്കുന്ന വിറ്റുവരവിന് ആനുപാതികമായ ലൈസൻസ് ഫീ ഈടാക്കിയില്ല. അന്വേഷണ റിപ്പോർട്ടിൽ കുറഞ്ഞ തുക രേഖപ്പെടുത്തി അതിന് ആനുപാതകമായ ലൈസൻസ്

ഫീ ആണ് ഈടാക്കിയിരിക്കുന്നത്.

| ക്രമ. നം. | സ്ഥാപനം വാർഡ്/ കെട്ടിട നം | ശരാശരി വിറ്റുവരവ് | അന്വേഷണ റിപ്പോർട്ടിൽ രേഖപ്പെടുത്തിയ വിറ്റുവരവ് | ഈടാക്കേണ്ട ലൈസൻസ് ഫീ | ഈടാക്കിയ ലൈസൻസ് ഫീ | കുറവ് |
|---|---|---|---|---|---|---|
| 1 | പിണറായി ഇൻഡസ്ട്രിയൽ കോ ഓപറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് 3/3 | 2,20,000 | രേഖപ്പെടുത്തിയിട്ടില്ല | 4000(LF)+ 1000(BF) | 1000(LF)+ 250(BF) (രശീതി നം/ തീയ്യതി) 117080109411/ 31.3.18 | 3750 |
| 2 | എടവന പുരുഷോത്തമൻ,കേരളാ മിനി സൂപ്പർ ബീഡി | 50,000 | 15000 | 1000 | 500 (രശീതി നം/ തീയ്യതി) 117080109215/ 22.3.18 | 500 |

മേൽ അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം3)സമർപ്പിച്ച മറുപടിയിൽ ലൈസൻസ് ഫീ ഇനത്തിൽ കുറവ് വന്ന 3750/- രൂപ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ഒടുക്ക് വിവരം അറിയിക്കേണ്ടതാണ്.

## 2-5 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്തില്ല.

കേരളപഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 205.ബി.ഡി എന്നിവ പ്രകാരം പഞ്ചായത്ത് സെക്രട്ടറി തൊഴിൽ നികുതിക്ക് വിധേയരായവരുടെ ലിസ്റ്റ് സമർപ്പിക്കാൻ സ്ഥാപന ഉടമസ്ഥനോടൊ കൈവശക്കാരനോടൊ ആവശ്യപ്പെടേണ്ടതും, തൊഴിലുടമകൾ ഏതെങ്കിലും സ്ഥാപനത്തിൽ ശമ്പളത്തിനോ, വേതനത്തിനോ, നിയമിച്ചതോ, ഏർപ്പെടുത്തിയതോ ആയ ആളുകൾ ഉണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിച്ച നിരക്കിൽ നൽകേണ്ടുന്ന തൊഴിൽ നികുതി വസൂലാക്കി ഗ്രാമപഞ്ചായത്തിന് നൽകേണ്ടതാണ്.

2017-18 ഡി &ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് അനുവദിച്ച താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| രജിസ്റ്റ | സ്ഥാപനത്തിന്റെ പേര് | അപേക്ഷയിൽ |
|---|---|---|

| റിലെ ക്രമ നം. | | രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം |
|---|---|---|
| 46 | ചിങ്കു ഫുഡ്സ് | 8 |
| 47 | അപ്പു ഫുഡ്സ് | 7 |
| 48 | മോഡേൺ ഫുഡ്സ് | 7 |
| 49 | ചിങ്കു സ്വീറ്റ്സ് | 8 |
| 412 | അൽതാസ കുബ്ബൂസ് നിർമ്മാണം | 10 |
| 477 | പിണറായി കാർപ്പെൻററി & ബ്ലാക്ക് സ്മിത്ത് വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് | 8 |
| 354 | പിണറായി വനിതാ കോ-ഓപറേറ്റീവ് പ്രസ്സ് | 6 |
| 222 | പിണറായി കൺസ്യൂമേഴ്സ് കോ-ഓപറേറ്റീവ് കാന്റീൻ | 5 |
| 420 | ചിക്കൂസ് റെഡിമെയ്ഡ്സ് | 6 |

ലൈസൻസ് അപേക്ഷയിൽ കാണിച്ചിരിക്കുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (എൻക്വയറി നം.4/11-09-2018)ഓഡിറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2017-18 വർഷത്തെ തൊഴിൽ നികുതി ഈടാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തൊഴിൽ നികുതി ഡിമാന്റ്

ചെയ്യുന്നതിന് സെക്ഷൻ 205.ബി.ഡി എന്നിവ പ്രകാരം നടപടികൾ ഭാവിയിൽ സ്വീകരിക്കേണ്ടതാണ്.

## 2-6 ക്രമവൽകരണ റജിസ്റ്റർ സൂക്ഷിച്ചില്ല

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമാണ ചട്ടങ്ങൾ 2011 -ലെ ചട്ടം 137 പ്രകാരം സെക്രട്ടറി ഒരു ലിഖിത ഉത്തരവിലൂടെ ക്രമവൽക്കരണം അനുവദിച്ച കൊടുക്കുമ്പോൾ, ആയത് അനുബന്ധം - J ഫോറത്തിൽ സ്ഥിരമായി സൂക്ഷിക്കേണ്ട രേഖയായി ഒരു രജിസ്റ്ററിൽ ഇതു സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ക്രമവൽക്കരണത്തിനു വേണ്ടി നിരവധി അപേക്ഷകൾ ലഭിക്കുന്നുണ്ടെങ്കിലും പഞ്ചായത്ത് ക്രമവൽക്കരണ രജിസ്റ്റർ സൂക്ഷിക്കാതെ പെർമിറ്റ് രജിസ്റ്ററിൽ തന്നെ ക്രമവൽക്കരണത്തിന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്ന രീതിയാണ് അവലംബിച്ചിരിക്കുന്നത്. എന്നാൽ ഇത് ശരിയായ നടപടിയല്ല. ക്രമവൽകരണ ഫീസ് ഇനത്തിൽ ₹ 42,819 ലഭിച്ചിട്ടുണ്ടെങ്കിലും രജിസ്ററർ സൂക്ഷിക്കാത്തതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിന് പരിശോധിക്കാനായില്ല. കെട്ടിട നിർമാണ പെർമിറ്റ് നൽകുന്നതും, ക്രമവൽകരണവും സംബന്ധിച്ച് ചട്ടങ്ങൾ നിഷ്കർഷിക്കുന്ന രജിസററുകൾ കൃത്യതയോട് കൂടി സൂക്ഷിക്കേണ്ടതും സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

## 2-7 രശീതുകളുടെ പരിശോധന- അപാകങ്ങൾ

രശീതുകളുടെ പരിശോധനയിൽ കണ്ട അപാകങ്ങളുടെ വിശദ വിവരം താഴെ ചേർക്കുന്നു.

1.രസീതുകൾ ക്യാൻസൽ ചെയ്യുമ്പോൾ ആയത് സ്ഥാപന മേലധികാരിയോ, സ്ഥാപന മേലധികാരി അതിനായി ഉത്തരവ് മൂലം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനോ സാക്ഷ്യപ്പെടുത്തേണ്ടതാണ്. പല രസീതുകളിലും ഇപ്രകാരം സാക്ഷ്യപ്പെടുത്തി കാണുന്നില്ല.ഉദാഹരണമായി

| ക്രമ നം. | രശീതി ബുക്ക് നം. | രശീതി നം. |
|---|---|---|
| 1 | 5269 | 100 |
| 2 | 5284 | 41,68,92 |

2. മാനുവൽ രസീതുകളിൽ സാമ്പത്തിക വർഷാന്ത്യത്തിൽ ഉപയോഗിക്കാത്തവ ക്യാൻസൽ ചെയ്ത് തിരികെ ഏൽപ്പിച്ച് കാണുന്നില്ല.

3.രസീതുകളുടെയും ഔട്ഡോർ കലക്ഷൻ രജിസ്റ്ററുകളുടേയും പരിശോധന സെക്രട്ടറിയുടെ ജോലി വിഭജന ഉത്തരവ് പ്രകാരം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർ നടത്തേണ്ടതാണ്. എന്നാൽ എല്ലാ കലക്ഷൻ രസീതുകളിലും ഔട്ഡോർ കലക്ഷൻ രജിസ്റ്ററുകളിലും പരിശോധന നടത്തുന്നില്ല. ശ്രീമതി വീണ പി.,ക്ലർക്ക് എന്നവരുടെ 21.11.17 തിയതിയിലെ കളക്ഷൻ തുകയായ 21,948 രൂപ പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്.എന്നാൽ കളക്ഷൻ രജിസ്റ്ററിൽ ഇത് 21,498 എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.കൃത്യമായ പരിശോധന ഇല്ലാത്തതിനാലാണ് ഇത്തരം അപാകങ്ങൾ

ഉണ്ടാവുന്നത്.

മേൽ അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വാഹന ഉപയോഗം - ഇന്ധന ഉപഭോഗം സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.

ഗ്രാമപഞ്ചായത്ത് വാഹനത്തിന്റെ (KL 58 B 9729) ഇന്ധന ഉപഭോഗം സംബന്ധിച്ച് പൊതുമരാമത്ത് മെക്കാനിക്കൽ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ 5/10/16 ന് പരിശോധന നടത്തിയിട്ടുണ്ട്. ഇന്ധന ഉപഭോഗ സാക്ഷ്യപത്ര പ്രകാരം മൈലേജ് 11 കി.മി / ലി . ആണ്.

ഇന്ധനം മുഴുവനായി നിറച്ചതിന്റെ ( in full tank condition ) വിവരം ലോഗ് ബുക്കിൽ രേഖപ്പെടുത്താത്തതിനാൽ ഇന്ധന ക്ഷമതയുടെ സ്ഥിതി വിവരം പരിശോധിക്കുവാൻ സാധിച്ചില്ല . തൻമാസത്തെ ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുള്ള സംക്ഷിപ്തം ലോഗ്ബുക്കിൽ മാസാന്ത്യം രേഖപ്പെടുത്തേണ്ടതാണ് . എന്നാൽ ഇത്തരം രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല.ലോക്ബുക്കിൽ പൂർണ്ണവിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട അധികാരികൾ ശ്രദ്ധിക്കേണ്ടതും വാഹനത്തിന്റെ ലോഗ് ബുക്കിന്റെ പരിപാലനം കുറ്റമറ്റതുമാക്കേണ്ടതാണ്.

## 3-2 ആസൂത്രണപ്രക്രിയ സ്റ്റാറ്റസ് റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തിയല്ല.

ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ടിൽ പതിമൂന്നാം പഞ്ചവൽസര പദ്ധതിക്കാലത്ത് കൈവരിക്കേണ്ട ലക്ഷ്യം എന്തൊക്കെയാണെന്ന് പറഞ്ഞിട്ടുണ്ട്. എന്നാൽ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾക്കനുസരിച്ചല്ല 2017-18 വർഷം പ്രൊജക്ടുകൾ തയ്യാറാക്കിയിട്ടുള്ളത് എന്ന് താഴെ ചേർത്തിട്ടുള്ള വിഷയവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ടിന്റെ പരിശോധനയിൽ കാണുകയുണ്ടായി.വിശദ വിവരം താഴെ കൊടുക്കുന്നു.

പൊതുമരാമത്ത്

ഗ്രാമപഞ്ചായത്തിന്റെ സ്റ്റാറ്റസ് റിപ്പോർട്ടിൽ പശ്ചാത്തല മേഖലയിൽ പതിമൂന്നാം പഞ്ചവൽസര പദ്ധതിക്കാലത്ത് ലക്ഷ്യം കൈവരിക്കേണ്ട വിഷയങ്ങളായി പറഞ്ഞിരിക്കുന്നത് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കി കണക്ടിവിറ്റി റോഡ് കണ്ടെത്തി പ്രവൃത്തി നടപ്പിലാക്കൽ, ശോചനീയാവസ്ഥയിലുള്ള റോഡുകൾ കണ്ടെത്തി മുൻഗണനാക്രമത്തിൽ പുനരുദ്ധാരണം

നടത്തൽ, റോഡുകൾക്ക് ഡ്രെയിനേജുകൾ നിർമിക്കൽ, ഐറിഷ് ഡ്രെയിനേജ് നിർമാണം, പഞ്ചായത്തിന്റെ റോഡുകൾ തകർന്നു പോകുന്നതൊഴിവാക്കുന്നതിനായി കലുങ്കുകൾ നിർമ്മിക്കൽ, നടപ്പാതകൾ, ടില്ലർ പാതകൾ എന്നിവ നിർമിക്കൽ, തോടുകൾക്ക് സൈഡ് കെട്ടൽ, റോഡുകൾക്ക് സംരക്ഷണഭിത്തി നിർമിക്കൽ, ഉപ്പുവെള്ളം കയറാതിരിക്കാൻ തടയിണകൾ നിർമിക്കൽ എന്നിവയാണ്. വികസന സെമിനാറിനോടനുബന്ധിച്ചുനടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളും ഇവക്ക് അനുപൂരകമാണ്.എന്നാൽ പ്രൊജക്ടുകൾ നടപ്പിലാക്കിയത് പരിശോധിച്ചതിൽനിന്നും മേൽ നിർദേശങ്ങൾക്ക് യാതൊരുവിധ പരിഗണനയും നൽകാതെയാണ് പ്രോജക്ടുകൾ തയ്യാറാക്കിയിരിക്കുന്നതെന്നാണ്കാണുന്നത്. മുഴുവൻ ഗുണഭോക്താക്കളെയും ഉൾപ്പെടുത്തി മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കണമെന്നും, ഒരു വീട്ടിൽ ഒരു സോളാർ ഉപകരണം എന്നത് പദ്ധതിയിൽ ഉൾപ്പെടുത്തണം തുടങ്ങിയ വർക്കിംഗ് ഗ്രൂപ്പിന്റെ നിർദേശങ്ങൾ പ്രസക്തമാണെങ്കിലും ഇക്കാര്യവും പ്രൊജക്ടുകളുടെ രൂപീകരണ വേളയിൽ പരിഗണിക്കപ്പെട്ടതായി കാണുന്നില്ല.

കൂടാതെ വർക്കിംഗ് ഗ്രൂപ്പിന്റെ നിർദേശങ്ങളായ എല്ലാവാർഡുകളിലും ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ, പന്തക്കപ്പാറ സ്റ്റേഡിയം നവീകരണവും വൈദ്യുതീകരണവും, സ്ട്രീറ്റ് ലൈറ്റുകൾക്ക് എൽ ഇ ഡി ലൈറ്റുകൾ സ്ഥാപിക്കൽ എന്നിവയിൽ എൽ ഇ ഡി ലൈറ്റ് സ്ഥാപിക്കൽമാത്രമാണ് നടപ്പിലാക്കിയത്. സ്റ്റാറ്റസ് റിപ്പോർട്ടിൽ പറയുന്ന വിഷയങ്ങളുടെ നടപ്പിലാക്കുന്നതിന്റെ സാധ്യതകളെ സംബന്ധിച്ച് വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചർച്ചചെയ്തിട്ടുമില്ല.

<u>ദാരിദ്ര്യലഘൂകരണം</u>

ദാരിദ്ര്യലഘൂകരണത്തിനായി സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ച അവസ്ഥാവിശകലനത്തിൽ വീട് നിർമാണത്തിന് ഭൂമിയുടെ ലഭ്യതക്കുറവ് പ്രധാനപ്പെട്ട കാരണമായി വ്യക്തമാക്കിയിട്ടുണ്ട്. സാമ്പത്തിക പരാധീനതമൂലം ഭൂമി വാങ്ങാൻ സാധിക്കാത്തതിനാൽ ഫ്ലാറ്റ് സമുച്ചയങ്ങൾ നിർമിച്ചുനൽകുകയാണ് ആയതിന് പ്രതിവിധിയെന്നും നിർദേശിച്ചിട്ടുണ്ട്. എന്നാൽ അത്തരമൊരു പ്രോജക്ടിനെ കുറിച്ച് ചർച്ചപോലും നടന്നിട്ടില്ല.

വളരെ ഗുരുതരമായ മറ്റൊരു വിഷയം വിശന്നു വലയുന്നവർ ഈ പഞ്ചായത്തിൽ ഇപ്പോഴും ഉണ്ട് എന്നതാണ്. അവർക്ക് ഭക്ഷണം നൽകേണ്ടത് അത്യാവശ്യമാണെന്ന് സ്റ്റാറ്റസ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. അത്യന്തം ഗുരുതരമായ ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമല്ല. ഈ വിഷയം എക്സിറ്റ് മീറ്റിംഗിൽ ഭരണസമിതി അംഗങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവന്നപ്പോൾ ഭരണസമിതിയുടെ ഇടപെടൽ മൂലം ഇവർക്ക് ഭക്ഷണം ലഭ്യമാക്കുന്നുണ്ട് എന്ന് മറുപടി അറിയിച്ചിട്ടുണ്ട്, ആയത് ശ്ലാഘനീയമാണ്.

കൊടിയദാരിദ്ര്യമനുഭവിക്കുന്ന 150 കുടുംബങ്ങളുടെ എണ്ണം 2017-18 ൽ 125 ആയി കുറച്ചുകൊണ്ടുവന്ന് 2022 ൽ പൂർണമായും ദാരിദ്ര്യം ഇല്ലാതാക്കാൻ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ശ്രമിക്കേണ്ടതുണ്ട്.ആശ്രയ പദ്ധതിയിലൂടെ ഒരു പരിധിവരെ പരിഹാരം ലഭിക്കുന്നുണ്ട് എങ്കിലും കൂടുതൽ ശ്രദ്ധ ഈ വിഷയത്തിൽ പതിയേണ്ടതുണ്ട്.

<u>പ്രാദേശിക സാമ്പത്തിക വികസനം</u>

നിരവധി സ്ത്രീസംരംഭങ്ങൾ ആരംഭിക്കുന്നുണ്ടെങ്കിലും അവ ആരംഭത്തിൽ തന്നെ പൂട്ടിപോകുന്ന അവസ്ഥക്ക് പരിഹാരം കാണുന്നതിനായി പുത്തൻ വിപണന സാധ്യതകൾ കണ്ടെത്തേണ്ടതുണ്ട്.

സ്ഥിരവരുമാനം കണ്ടെത്തുന്നതിനായി അനുയോജ്യമായ തൊഴിൽ മേഖലകളും, സംരംഭങ്ങളും പട്ടുത്തുയർത്തേണ്ടതുണ്ട്. കൈത്തറി, മൺപാത്രനിർമാണം,ചകിരിവ്യവസായം, ശർക്കര നിർമാണം തുടങ്ങിയ മേഖലകളെ ശാക്തീകരിക്കുന്നത് തൊഴിൽ രഹിതരായ എല്ലാവർക്കും തൊഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിന് സഹായകരമാകും. ഗാർഹിക തൊഴിൽ യൂണിറ്റുകൾ 2017-18 ൽ ആരംഭിക്കേണ്ടതായിരുന്നു. എന്നാൽ അത്തരം പ്രോജക്ടുകൾ ഈ മേഖലയിലും രൂപീകരിക്കുകയുണ്ടായില്ല. ഈ വിഷയത്തിൽ കുടുംബശ്രീ സംരംഭങ്ങളിലൂടെ പരിഹാരം കാണുന്നുണ്ട് എന്ന മറുപടിയാണ് എക്സിറ്റ് മീറ്റിംഗിൽ നൽകിയത്.

## 3-3 വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം സ്റ്റാൻഡിംഗ് കമ്മറ്റി വിലയിരുത്തിയിട്ടില്ല.

കരട് പ്രോജക്ട് നിർദേശങ്ങൾ തയ്യാറാക്കി ഗ്രാമസഭായോഗങ്ങളിൽ അവതരിപ്പിക്കുക ആ വേദികളിലെ ചർച്ചകളുടെയും, തീരുമാനങ്ങളുടെയും,അടിസ്ഥാനത്തിൽ പ്രോജക്ട് നിർദേശങ്ങൾക്ക് മുൻഗണന നിശ്ചയിച്ച് ഭരണസമിതിയുടെയും തുടർന്ന് വികസന സെമിനാറിന്റെയും പരിഗണനക്ക് സമർപ്പിക്കുക എന്നിവയാണ് പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതായ പ്രധാന ചുമതലകൾ.അവ ഫലപ്രദമായി നിറവേറ്റണമെങ്കിൽ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ചർച്ചകളുടെ അടിസ്ഥാനത്തിൽ ശുപാർശകൾ ക്രമീകരിക്കേണ്ടതുണ്ട്. മേൽ വിഷയത്തിൽ വികസന കാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ കീഴിൽ വരുന്ന മരാമത്ത്,കൃഷി, ദാരിദ്ര്യലഘൂകരണം, എന്നീ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തകമല്ല എന്നാണ് ഇതു സംബന്ധിച്ച മിനുട്സുകൾ പരിശോധിച്ചതിൽനിന്നും മനസ്സിലാവുന്നത്. ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ട പ്രധാനപ്പെട്ട അപാകങ്ങൾ താഴെ കൊടുക്കുന്നു.

1.ദാരിദ്ര്യലഘൂകരണ വർക്കിംഗ് ഗ്രൂപ്പ് മിനിട്സിൽ മെമ്പർമാർ ഒപ്പു രേഖപ്പെടുത്തിയതല്ലാതെ ഒരു തീരുമാനം പോലും എടുത്തിട്ടില്ല.പ്രോജക്ട് നിർദേശങ്ങൾ യോഗങ്ങളിൽ ഉണ്ടായിട്ടില്ല എന്നത് ഗൗരവത്തിലെടുക്കേണ്ടതാണ്.

2.ഓഡിറ്റ് വർഷത്തിൽ 56 മരാമത്ത് പ്രവർത്തികൾ (അസിസ്റ്റന്റ് എഞ്ചിനീയർ)നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ഒരു പ്രവൃത്തി പോലും വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ചർച്ച ചെയ്തതായി രേഖപ്പെടുത്തിയിട്ടില്ല.

3.പ്രൊജക്ടുകളുടെ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ ഏതെങ്കിലും പ്രവൃത്തിയുടെ മോണിറ്ററിംഗ് നടത്തിയതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

4.പദ്ധതിക്ക് അന്തിമരൂപം നൽകുന്ന ഘട്ടത്തിൽ ഓരോ സ്റ്റാൻഡിംഗ് കമ്മിറ്റിയും വർക്കിംഗ് ഗ്രൂപ്പുകളെ കൊണ്ട് വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കേണ്ടതാണ്. അത്തരത്തിൽ ഓരോ പ്രോജക്ടിന്റെയും, യുക്തി, നിയമസാധുത, വിജയസാധ്യത എന്നിവ ചർച്ചചെയ്ത് ഉറപ്പുവരുത്തിയിട്ടില്ല.

## 3-4 വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രൊജക്ടിന് പുരുഷൻമാരെ തെരഞ്ഞെടുത്തു .

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

2017-18വർഷം വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രൊജക്റ്റിന് ഗുണഭോക്താക്കളായി സ്ത്രീകളെയും പുരുഷൻമാരെയും ഉൾപ്പെടുത്തിയാണ് ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കി പഞ്ചായത്ത് അംഗീകരിച്ചത്. കൃഷി ഓഫീസർ നടപ്പിലാക്കിയ ഇടവിള കൃഷി പ്രൊൽസാഹനം (70/18)എന്ന പ്രൊജക്ടിനു വേണ്ടിയാണ് ഇപ്രകാരം തെരഞ്ഞെടുപ്പ് നടത്തിയിട്ടുള്ളത്.ഇവരിൽ നിന്നും ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തശേഷം പിന്നീട് തുക തിരിച്ചുകൊടുക്കുവാൻ പഞ്ചായത്ത് ഭരണ സമിതി തീരുമാനിക്കുകയായിരുന്നു.(22.02.18 ലെ 75/18 നം തീരുമാനം).2,3,7,13,19വാർഡുകളിലെ ആകെ 23ഗുണഭോക്താക്കൾക്ക് പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതം 100/-വീതം തിരിച്ചുകൊടുക്കാൻ തീരുമാനിക്കുകയുണ്ടായി. പ്രൊജക്റ്റ് നടപ്പിലാക്കിയതിലെ പൊരുത്തക്കേട് സംബന്ധിച്ചും,പിരിച്ചെടുത്ത തുക ഏത് രീതിയിൽ തിരിച്ചുനൽകിയെന്നും,ഇവർക്കുവേണ്ടി വാങ്ങിച്ച പച്ചക്കറി വിത്തുകൾ/തൈകൾ ആർക്ക് വിതരണം ചെയ്തുവെന്നും വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/13.09.2018) കൃഷി ഓഫീസർ നൽകിയ മറുപടി വസ്തുതയുമായി പൊരുത്തപ്പെടാത്തതാണ്. കൃഷി ഭവനിൽ തുക ഒടുക്കുന്നതിന് പുരുഷൻമാർക്ക് അനുവാദം നൽകിയിട്ടില്ല എന്ന മറുപടി ശരിയല്ല.

ഗുണഭോക്തൃവിഹിതം പിരിച്ചെടുത്ത രശീത് ബുക്കുകൾ പരിശോധിച്ചപ്പോൾ പുരുഷൻമാരിൽ നിന്നും തുക പിരിച്ചെടുത്തതായിരേഖപ്പെടുത്തലുകളുണ്ട്. ആയത് പിന്നീട് തിരുത്തി വനിതകളുടെ പേരിലേക്ക് മാറ്റിയതായും കണ്ടു.ആയതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമനമ്പർ | രശീത് ബുക്ക് നമ്പർ | രശീത്, തീയ്യതി | രശീതിലെ പേര് | തിരുത്തിയ പേര് |
|---|---|---|---|---|
| 1 | 41914 | 56/18-1-18 | ശ്രീജിത്ത് | സൗമിനി |
| 2 | 41914 | 58/18-1-18 | ദിനേശൻ | പ്രസന്ന എം |
| 3 | 41914 | 61/18-1-18 | ശേഖരൻ | സുജാത സി |
| 4 | 41914 | 62/18-1-18 | സുധീർ കുമാർ | രാധ വടവതി |
| 5 | 41914 | 68/18-1-18 | വിജേഷ് കുമാർ | രാധ വടവതി |
| 6 | 41914 | 69/18-1-18 | എം സുഗതൻ | എൻ പങ്കജാക്ഷി |

| | | | | |
|---|---|---|---|---|
| 7 | 41914 | 71/18-1-18 | സനീഷ് വി കെ | ഷൈലജ വി |
| 8 | 41914 | 72/18-1-18 | പ്രമോദൻ വി കെ | ഷൈലജ വി |
| 9 | 41914 | 88/18-1-18 | ആത്മൻ | ഷൈലജ എം |
| 10 | 41914 | 89/18-1-18 | രവീന്ദ്രൻ | വൽസല കെ പി |
| 11 | 41914 | 90/18-1-18 | ബാലകൃഷ്ണൻ | പ്രസീത കെ കെ |

മേൽ പറഞ്ഞ പ്രകാരം പിരിച്ചെടുത്ത ഏതാനും രശീതികളിൽ പുരുഷൻമാരുടെ പേര് ചേർത്ത ശേഷം തിരുത്തൽ നടത്തി സ്ത്രീകളുടെ പേര് ചേർക്കാനുണ്ടായ സാഹചര്യം മറുപടിയിൽ കൃത്യമായി പറഞ്ഞിട്ടില്ല. ഇക്കാര്യത്തിൽ കൂടുതൽ വ്യക്തത വരുത്തിയ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 3-5 മൃഗസംരക്ഷണ പദ്ധതികൾ - സർക്കാർ മാനദണ്ഡങ്ങൾ പാലിച്ചതായി ഉറപ്പ് വരുത്താതെ പ്രോജക്ട് നടപ്പിലാക്കി

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്റിനറി സർജൻ

വെറ്റിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18വർഷം ആകെ 6 പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്.ജി.ഒ.(എം.എസ്)80/17തസ്വഭവ തീ.03.04.2017 പതിമൂന്നാം പദ്ധതി സബ്സിഡിയും അനുബന്ധവിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ ഖണ്ഡിക 8.2ലെ കുറിപ്പ് 7 പ്രകാരം പശു, ആട് എന്നിവ 12ാം പഞ്ചവൽസര പദ്ധതികാലയളവിൽ ലഭിച്ചവർക്ക് വീണ്ടും നൽകാൻ പാടില്ല. 12ാം പഞ്ചവൽസര പദ്ധതികാലയളവിൽ ഇത്തരം പ്രൊജക്ടുകൾ നടപ്പിലാക്കിയതായി പഞ്ചായത്ത് തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ടിൽ നിന്നും വ്യക്തമാകുന്നു. 2017-18 വർഷം ആട് വളർത്തൽ (4/18), വനിതകൾക്കുള്ള പശു വിതരണം (147/18)എന്നീ പ്രൊജക്ടുകൾ നടപ്പിലാക്കിയപ്പോൾ ഈ പദ്ധതികളുടെടെ ആനുകൂല്യം ലഭിച്ചവർക്ക് കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ ഇതേ ഇനങ്ങൾക്ക് സബ്സിഡി നൽകിയിട്ടില്ല എന്ന് ഉറപ്പ് വരുത്തിയത് എപ്രകാരമാണെന്ന് അറിയുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വ്യക്തമായ മറുപടി നൽകിയിട്ടില്ല. 12ാം പഞ്ചവൽസര പദ്ധതികാലയളവിൽ ആനുകൂല്യം നൽകിയവരല്ലെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ട് എന്നു മാത്രമാണ് അറിയിച്ചത്. എന്നാൽ ഉറപ്പ് വരുത്തിയതിന് ആധാരമാക്കിയ രേഖകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കിയിട്ടില്ല.

അതുപോലെ വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേർസൺ അദ്ധ്യക്ഷനായും വെറ്റിനറി ഡോക്ടർ കൺവീനറായും ഗുണഭോക്താക്കളിൽനിന്നും 5 പേർ അംഗങ്ങളായിട്ടുള്ള കമ്മിറ്റിയായിരിക്കണം മൃഗങ്ങളെ /പക്ഷികളെ വാങ്ങേണ്ടത്.പഞ്ചായത്ത് പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകാരത്തോടെ ഈ സമിതിക്ക് നേരിട്ട് വാങ്ങാം. 2017-18 വർഷം വിവിധ പ്രൊജക്ടുകളിലായി പശു, ആട് ,കോഴി എന്നിവയെ വാങ്ങിച്ചപ്പോൾ ഇത്തരത്തിലുള്ള കമ്മിറ്റി രൂപികരിച്ചിട്ടില്ല.ഇത് സംബന്ധിച്ച് കമ്മിറ്റി മിനിട്സ്, പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം സഹിതം മറുപടി ലഭ്യമാക്കുന്നതിന് നൽകിയ എൻക്വയറിക്ക് (നം.2/11.09.18) കമ്മിറ്റി അംഗീകാരത്തോടെയാണ് പ്രൊജക്ട് നടപ്പിലാക്കിയത് എന്ന് അറിയിക്കുകയാണുണ്ടായത്.

സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 2.17 പ്രകാരം വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള പരമാവധി കുടുംബ വാർഷിക സബ്സിഡി പരിധി പൊതു വിഭാഗത്തിന് 30,000/-രൂപയും പട്ടിക ജാതി വിഭാഗത്തിന് 50,000/-രൂപയും ആയിരിക്കും.(ഏതാനും ഇനങ്ങൾക്ക് ഒഴികെ).ഒരു ഗുണഭോക്താവ് തന്നെ ഒന്നിലധികം പ്രൊജക്ടുകളുടെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള സബ്സിഡി പരിധിയിൽ പരിമിതപ്പെടുത്തിയാണ് പരമാവധി ആനുകൂല്യം നൽകിയത് എന്ന് ഉറപ്പ് വരുത്തിയതായി തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.മറ്റു നിർവ്വഹണ ഉദ്യോഗസ്ഥരും അവർ നടപ്പിലാക്കുന്ന പ്രൊജക്ടുകൾക്ക് വ്യക്തിഗത സബ്സിഡി അനുവദിക്കുമെന്നതിനാൽ നിർവ്വഹണത്തിന്റെ ഏത് തലത്തിലാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ഒരു ഗുണഭോക്താവിന് അധിക സബ്സിഡി നൽകിയിട്ടില്ലയെന്ന് ഉറപ്പ് വരുത്തുന്നത് എന്ന് വ്യക്തമല്ല.ഇക്കാര്യത്തിലും ഉറപ്പ് വരുത്തിയിട്ടുണ്ട് എന്ന മറുപടിമാത്രമാണ് നൽകിയത്. വെറ്റിനറി സർജൻ നിർവ്വഹണം നടത്തിയ പ്രൊജക്ടുകൾക്കൊന്നുംതന്നെ മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലയെന്നതും മറ്റൊരു പോരായ്മയാണ്.

മേൽ പറഞ്ഞിരിക്കുന്ന രീതിയിൽ നിർവ്വഹണത്തിൽ വന്നിട്ടുള്ള പോരായ്മകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും കുറ്റമറ്റ രീതിയിൽ വരും വർഷങ്ങളിൽ പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്.

## 3-6 എൽ.ഇ.ഡി.വിളക്ക് വാങ്ങിക്കൽ -രേഖകൾ ഹാജരാക്കിയില്ല - ₹547365 തടസ്സപ്പെടുത്തിനു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

1. പ്രൊജക്ട് നം-- 181 /17- 18. (LED തെരുവ് വിളക്ക് വാങ്ങിക്കൽ ) സ്പിൽ ഓവർ (42//18)

അടങ്കൽ --വികസന ഫണ്ട് (ലോക ബാങ്ക് സഹായം) - ₹ 490000

ചെലവ്--- ₹ 413000

ബിൽ നം --24 / 2017-18 / 18.11.17 ₹ 413000

2. പ്രൊജക്ട് നം-- 181 /17- 18. (LED തെരുവ് വിളക്ക് വാങ്ങിക്കൽ )

അടങ്കൽ --വികസന ഫണ്ട് - ₹ 128355

തനത് ഫണ്ട് - ₹ 6010

ആകെ -----134365

ചെലവ്---വികസന ഫണ്ട് ₹ 128355

തനത് ഫണ്ട് ₹ 6010

ആകെ – ₹ 134365

ബിൽ നം --54 / 2017-18 / 28.03.18 ₹ 128355

ചെക്ക് നം -9184823 , 30/03/18 ₹ 6010

ക്രമ നം 1. പ്രകാരം 2016-17 വർഷത്തിൽ പഞ്ചായത്ത് തീരുമാനം 54/17, തീയ്യതി 27/3/17 പ്രകാരം 140 LEDതെരുവ് വിളക്കുകൾ വാങ്ങുന്നതിന് അംഗീകാരം ലഭിച്ച മേൽ പദ്ധതി നടപ്പിലാക്കിയത് 2017-18 വർഷത്തിലാണ്. ടെണ്ടർ നടപടിക്രമങ്ങളിലൂടെ തെരഞ്ഞെടുത്ത ശ്രീലേഷ് ,എലൈറ്റ് ഇലക്ട്രിക്കൽസ്,ചക്കരക്കൽ എന്ന കരാറുകാരനാണ് വിതരണത്തിനായി കരാർ നൽകിയിട്ടുള്ളത്. മേൽ പറഞ്ഞ ബിൽ നം --24 / 2017-18 / 18.11.17 പ്രകാരമാണ് ₹413000 അനുവദിച്ചിട്ടുള്ളത് .

ക്രമ നം 2 . മേൽ പദ്ധതി പ്രകാരം 35 LED തെരുവ് വിളക്കുകൾ KREWS കാസർഗോഡിൽ നിന്നുംവാങ്ങിച്ചിട്ടുണ്ട്. ഇൻവോയ്സ് നം .KREWS /GST/181/17-18 ,തി.28.03.18 പ്രകാരമാണ് ഇൻസ്റ്റലേഷൻ ചാർജ്ജ് ഉൾപ്പെടെ 134365 രൂപയുടെ LED തെരുവ് വിളക്കുകളാണ് വാങ്ങിച്ചത് . ( ഇൻസ്റ്റലേഷൻ ചാർജ്ജ് @150* 35=5250) . താഴെ പറയുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം . 6 ) പ്രകാരം 12 വാർഡ് മെമ്പർമാർ നൽകിയ ഇൻസ്റ്റലേഷൻ സാക്ഷ്യപത്രം പ്രകാരം 86 LED തെരുവ് വിളക്കുകൾ മാത്രമാണ് ഇതുവരെയായി സ്ഥാപിച്ചിട്ടുള്ളത് . താഴെ പറയുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

1. തെരുവ് വിളക്കുകൾ വാർഡുകളിൽ സ്ഥാപിച്ചതിന് കെ.എസ് .ഇ.ബിയിൽ നിന്നുള്ള ഇൻസ്റ്റലേഷൻ സാക്ഷ്യപത്രം .

2. ബാക്കിയുള്ള 7 വാർഡുകളിലെ വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം.

സ്ഥാപിക്കാൻ ബാക്കിയുള്ള തെരുവ് വിളക്കുകൾ സ്ഥാപിച്ചതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മേൽ രേഖകളുടെ അഭാവത്തിൽ ചെലവഴിച്ച 547365 തടസ്സപ്പെടുത്തുന്നു . തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 3-7 തെരുവു വിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണി -എ.എം.സി വ്യവസ്ഥകൾ പാലിച്ചില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി
പ്രൊജക്ട് നം-- 40 /18 . സ്പിൽഓവർ (102/17)( തെരുവു വിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണി.)

അടങ്കൽ തനത് ഫണ്ട് ₹ 498985

ചെലവ്--- തനത് ഫണ്ട് ₹ 492940

ചെക്ക് നം - 0765740, 14/08/17 ₹ 122003 + IT₹1232

ചെക്ക് നം - 21700794, 15/01/18 ₹ 122003 + IT₹1232

ചെക്ക് നം - 21700795, 15/01/18 ₹ 122003 + IT₹1232

ചെക്ക് നം - 9184823, 30/03/18 ₹ 122003 + IT₹1232

പഞ്ചായത്ത് തൻവർഷം തെരുവുവിളക്കുകളുടെ വാർഷിക അറ്റകറ്റപണി എന്ന പ്രൊജക്ടിനായി ആകെ ₹492940 ചെലവഴിച്ചിട്ടുണ്ട് . കരാർ പ്രകാരം ഡബിൾ ട്യൂബ് സെറ്റ് 40 w -334എണ്ണം , സിംഗിൾ ട്യൂബ് സെറ്റ് 40 w 564 എണ്ണം, സി,എഫ്.എൽ-311 എണ്ണം എന്നിവ പരിപാലിക്കുന്നതിന് വേണ്ടിയാണ് തുക ചെലവഴിച്ചിട്ടുള്ളത്.

2016-17 ൽ അംഗീകാരം ലഭിച്ച മേൽ പദ്ധതി (പഞ്ചായത്ത് തീരുമാനം നം.182(1)/16,23/12/16) ടെണ്ടറിംഗ് സംവിധാനത്തിലൂടെയാണ് നടപ്പിലാക്കിയത്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 27/3/12 ലെ 67208/ഡി.എ 3./11/തസ്വഭവ സർക്കുലർ പ്രകാരം ടെണ്ടറിംഗ് സംവിധാനം വഴി തെരുവുവിളക്കുകളുടെ വാർഷിക അറ്റകറ്റപണി കെ.എസ്.ഇ.ബി ഉൾപ്പെടെയുള്ള ഏജൻസികൾക്ക് നൽകാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 16/01/17 ലെ കരാർ ഉടമ്പടി പ്രകാരം മുഴുവൻ വാർഡുകളിലേയും റിപ്പയർ ചെയ്ത തെരുവുവിളക്കുകളുടെ എണ്ണം സംബന്ധിച്ച സാക്ഷ്യപത്രം വാർഡ് മെമ്പർമാർ ഹാജരാക്കിയെങ്കിലും കരാർ ഉടമ്പടി പ്രകാരമുള്ള ചില വ്യവസ്ഥകൾ പാലിച്ചിട്ടില്ല.

വിശദവിവരം താഴെ ചേർക്കുന്നു.

1. എ.എം,സി കരാറിലെ വ്യവസ്ഥ പ്രകാരം സ്ഥാപിക്കപ്പെട്ട എല്ലാ ഉപകരണങ്ങളും പ്രവർത്തനനിരതമാണോ എന്ന് ഗ്രാമ പഞ്ചായത്തും കരാറുകാരനും ഉറപ്പ് വരുത്തേണ്ടതും ഇതു സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും കെ.എസ്.ഇ.ബി.-യുടെ ബന്ധപ്പെട്ട അധികാരികളും സംയുക്ത പരിശോധന നടത്തേണ്ടതാണ്. എന്നാൽ ഇത്തരം പരിശോധന നടത്തിയിട്ടില്ല.

2. തെരുവു വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട പരാതികൾ പൊതുജനങ്ങൾക്ക് രേഖപ്പെടുത്തുന്നതിനായി ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.(സമയം, തീയതി, പരാതിക്കാരന്റെ പേര്, പരാതിയുടെ വിവരണം എന്നിവ രേഖപ്പെടുത്തിയത്) . എന്നാൽ അത്തരം ഒരു രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3 . കരാറുകാരൻ ചെയ്ത പ്രവൃത്തികളുടെ വിവരം രേഖപ്പെടുത്തുന്ന തെരുവു വിളക്കുകളുടെ സർവ്വീസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല .

4 .വാങ്ങിയ ഉപകരണങ്ങൾക്ക് ഐ.എസ്.ഒ മാർക്ക് ഉള്ളതാണോ എന്ന് വ്യക്തമല്ല.

5 . തെരുവു വിളക്കുകളുടെ എണ്ണം കൃത്യമായി രേഖപ്പെടുത്തി കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

മേൽ പറഞ്ഞ അപാകങ്ങൾ പരിഹരിക്കേണ്ടതാണ് ഭാവിയിൽ സർക്കാർ നിർദ്ദേശം പാലിച്ചുകോണ്ട് തെരുവു വിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണി നടത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-8 വിവിധ അംഗനവാടികൾ , ഘടക സ്ഥാപനങ്ങൾ എന്നിവയ്ക്ക് കുടിവെള്ള കണക്ഷൻ- പ്രവൃത്തി പൂർത്തീകരിച്ചില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി
പ്രൊജക്ട് നം-- 79 /17- 18. (വിവിധ അംഗനവാടികൾ, ചേരിക്കൽ ഉപകേന്ദ്രം,വെറ്ററിനറി,ആയുർവ്വേദ ആശുപത്രി )

അടങ്കൽ --മെയിന്റനൻസ് ഫണ്ട് (റോഡിതരം) - ₹ 362000

ചെലവ്---മെയിന്റനൻസ് ഫണ്ട് (റോഡിതരം)- ₹ 362000

ബിൽ നം --56/ 2017-18 / 28.03.18 ₹ 200000

ബിൽ നം --57 / 2017-18 / 31.03.18 ₹ 162000

മേൽ പദ്ധതി പ്രകാരം പഞ്ചായത്തിലെ ചെക്കിപാലം (നം.67), പിണറായിതെരു(74), അണ്ടലൂർകാവു(82),പിണറായി ലക്ഷംവീട് (63),ചേരിക്കൽ ഉപകേന്ദ്രം, വെറ്ററിനറി ഡിസ്പൻസറി, ആയുർവ്വേദ ആശുപത്രി എന്നീ സ്ഥാപനങ്ങളിക്ക് കുടിവെള്ള കണക്ഷനവേണ്ടിയാണ് തുക വകയിരുത്തിയിട്ടുള്ളത് . മേൽ പറഞ്ഞ ബില്ലുകൾ പ്രകാരം കേരള വാട്ടർ അതോറിട്ടിക്ക് തുക കൈമാറിയിട്ടുണ്ടെങ്കിലും കുടിവെള്ള കണക്ഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിവരം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം .7 ) നൽകിയ മറുപടിയിൽ പ്രവൃത്തി ആരംഭിച്ചിട്ടുള്ളതായും പൂർത്തിയാക്കുന്ന മുറക്ക് വിവരം അറിയിക്കുന്നതായി വിശദമാക്കിയിട്ടുണ്ട് .കുടിവെള്ള കണക്ഷൻ എത്രയും വേഗം പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കേണ്ടതും പൂർത്തീകരണ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-9 കുടിവെള്ള വിതരണം - സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല.

വൌച്ചർ നം . - 301 / 17-18

ചെക്ക് നം -008449 തി . 30/08/17 ₹ 271556/-

പഞ്ചായത്തിലെ വരൾച്ച ബാധിച്ച സ്ഥലങ്ങളിൽ കുടിവെള്ളം വിതരണം ചെയുന്നതിനാണ് മേൽ തുക ചെലവഴിച്ചിട്ടുള്ളത്.16.4.16ലെ സ.ഉ.(സാധാ).1466/16ത.സ്വ.ഭ.വ ഉത്തരവില നിർദ്ദേശങ്ങൾ പാലിക്കാതെയാണ് തുക ചെലവഴിട്ടുള്ളത്. മേൽ പ്രവൃത്തിയുടെ നടത്തിപ്പിലുണ്ടായ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. പഞ്ചായത്ത് നിശ്ചയിച്ച സ്ഥലങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യാമെന്ന് സമ്മതിച്ച് കൊണ്ടുള്ള എഗ്രിമെന്റ് തയ്യാറാക്കിയില്ല.

2 . കുടിവെള്ളത്തിന്റെ സ്രോതസ്സ് ഏതാണെന്ന് വ്യക്തമാക്കിയിട്ടില്ല.

3. കുടിവെള്ളം സർക്കാർ ലാബുകളിൽ പരിശോധന നടത്തിയതിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

എന്നാൽ കുടിവെള്ളം വിതരണം നടത്തിയിട്ടുണ്ടെന്ന് വാർഡ് മെമ്പർമാരുടെ

സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചിട്ടുള്ളത്. പഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽപ്പെടുന്ന ഇത്തരം പ്രവൃത്തികൾ നടപ്പാക്കുമ്പോൾ സർക്കാർ നിർദ്ദേശം പാലിക്കപ്പെടുന്ന കരാറുകാർക്ക് മാത്രം കുടിവെള്ളം ശേഖരിച്ച് നൽകുന്നതിന് അനുമതി നൽകേണ്ടതാണ്.

## 3-10 ബില്ല് തയ്യാറാക്കുന്നതിൽ സൂക്ഷ്മതകുറവ്

താഴെ പ്രതിപാദിക്കുന്ന പ്രോജക്ടുകൾ പിണറായി ഇൻഡസ്ട്രിയൽ കോ.ഓപ്പറേറ്റീവ് സൊസൈറ്റി ടെണ്ടർ കുറവിൽ പ്രവൃത്തി ഏറ്റെടുത്തതാണ്. എന്നാൽ പ്രവൃത്തി പൂർത്തിയാക്കി ബില്ല് തയ്യാറാക്കിയപ്പോൾ ബില്ലിൽ നിന്നും ടെണ്ടർ കുറവ് വരുത്തുകയുണ്ടായില്ല. ഇക്കാര്യം ചൂണ്ടിക്കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 9/11.9.18 നെ തുടർന്ന് 13-9-18തീയ്യതിയിൽ ഈടാക്കാൻ വിട്ടുപോയ തുക (5974രൂപ) തനതുഫണ്ടിൽ അടവാക്കുകയുണ്ടായി.ഒടുക്കിയ തുകയുടെ രശീതി പരിശോധനക്ക് ഹാജരാക്കിയിട്ടുണ്ട്. പ്രവൃത്തിയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| പ്രോജക്ട് നമ്പർ/ പേര് | ടെണ്ടർ കുറവ് | ആകെ പ്രവൃത്തിമൂല്യം |
|---|---|---|
| 25/17-18<br>മാരാഞ്ചിമുക്ക് - ജിടിസി റോഡ് | 0.5% | 4,28,523 |
| 29/17-18<br>വളപ്പിലക്കണ്ടി കൊറുമ്പൻ റോഡ് | 0.5% | 3,84,257 |
| 19/17-18<br>പാറപ്രം - ബാങ്ക് റോഡ് | 0.5% | 3,81,988 |

ബില്ല് തയ്യാറാക്കുമ്പോൾ സംഭവിച്ച സൂക്ഷ്മതകുറവ് ഭാവിയിൽ ഒഴിവാക്കേണ്ടതാണ്

## 3-11 ആയുർവേദ ഡിസ്പെൻസറിക്ക് മുഴുവൻ മരുന്നുകളും ലഭ്യമായില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, ഗവ. ആയുർവേദ ഡിസ്പെൻസറി

പ്രോജക്ട് നം :130/18

പ്രോജക്ടിന്റെ പേര് : ആയുർവേദ ആശുപത്രിയിൽ ഒ.പി യും മരുന്നും

വകയിരുത്തിയ തുക : ₹ 7,00,000 മെയിന്റനൻസ് ഫണ്ട് റോഡിതരം

ചെലവു തുക : ₹ 7,00,000 ബിൽ നമ്പർ/തീയ്യതി :42/17-18/17-10-17

ആയുർവേദ ആശുപത്രിയിൽ ഒ.പി യും മരുന്നും എന്ന മേൽ പ്രോജക്റ്റ് പ്രകാരം മുൻകൂറായി ₹ 7,00,000 ഔഷധിക്ക് നൽകിയിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന ഇൻവോയിസുകൾ പ്രകാരം ₹6,61,999 യുടെ മരുന്ന് മാത്രമേ ഡിസ്പെൻസറിക്ക് ഔഷധി സപ്ലൈ ചെയ്തിട്ടുള്ളൂ.

| ക്രമ. നം. | ഇൻവോയിസ് നം./തിയതി | തുക |
|---|---|---|
| 1 | 90039326/07-11-17 | 220723 |
| 2 | 90046232/28-12-17 | 108203 |
| 3 | 90047238/31-12-17 | 43431 |
| 4 | 90055744/27-02-18 | 83626 |
| 5 | 90051593/30-01-18 | 8369 |
| 6 | 90058805/19-03-18 | 44322 |
| 7 | 90058563/13-03-18 | 58476 |
| 8 | 90060862/29-03-18 | 5223 |
| 9 | 90062815/14-05-18 | 8549 |
| 10 | 90066098/18-05-18 | 21061 |
| 11 | 90067510/11.06.18 | 2436 |
| 12 | 90067296/11.06.18 | 7560 |
| 13 | 90068888/15.06.18 | 13768 |
| 14 | 90073118/12.07.18 | 17735 |
| 15 | 90079098/03.09.18 | 5896 |
| 16 | 90074464/21.07.18 | 7579 |

| | | |
|---|---|---|
| 17 | 90075786/30.07.18 | 5042 |
| | ആകെ | 6,61,999 |

₹38,001യുടെ മരുന്ന് ഇതുവരെയും ആയുർവേദ ഡിസ്പെൻസറിക്ക് ലഭിച്ചിട്ടില്ല. ആയത് ലഭ്യമാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-12 അതുല്യം തുടർ വിദ്യാഭ്യാസ പരിപാടി- വിശദാംശങ്ങൾ ലഭ്യമാക്കിയില്ല- 67950 രൂപ തടസ്സപ്പെടുത്തുന്നു

പ്രൊജക്ട് നം-- 178 /17- 18. (അതുല്യം തുടർ വിദ്യാഭ്യാസ പരിപാടി )

അടങ്കൽ --വികസന ഫണ്ട്(പൊതു) - ₹ 25648

തനത് ഫണ്ട് - ₹ 42302

ചെലവ്---₹ 67950

ബിൽ നം --48/ 2017-18 / 9.03.18 ₹ 25648

ചെക്ക് നം -076570/ 93/18 - ₹ 42302

സാക്ഷരതാ പഠിതാക്കളുടെ പഠന നിലവാരം ഉയർത്തുന്നതിനായി 27 പേർക്ക് 10-ാം തരം തുല്യത,8 പേർക്ക് +1 തുല്യത ക്ലാസുകൾ നടത്തുന്നതിനു വേണ്ടിയാണ് മേൽ തുക ചെലവഴിച്ചിട്ടുള്ളത്. കേരള സംസ്ഥാന സാക്ഷരത ഡയറക്ടർക്കാണ് തുക കൈമാറിയിട്ടുള്ളത്. സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതിയുമായി ബന്ധപ്പെ ട്ട് താഴെ പറയുന്ന കാര്യങ്ങൾ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം .11) മറുപടിയിൽ രേഖകൾ ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും താഴെ കൊടുത്ത രേഖകൾ ഹാജരാക്കിയിട്ടില്ല.

1. തുല്യത പഠിതാക്കളുടെ അപേക്ഷയുടെ പകർപ്പ് , രജിസ്റ്ററേഷൻ നടത്തിയതിന്റെ വിവരം .

2. തുടർ സാക്ഷരത കേന്ദ്രങ്ങളിൽ നിന്നും പരിശീലനം നേടി വിജയിച്ച പഠിതാക്കളുടെ വിവരം, പഠിതാക്കളുടെ ഹാജർ പട്ടിക എന്നിവ ഹാജരാക്കേണ്ടതാണ്.

മേൽ രേഖകളുടെ അഭാവത്തിൽ ചെലവഴിച്ച 67950 രൂപ തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 1000000 | 44/18- പഞ്ചായത്ത് ശ്മശാനത്ത് | 840965 | 159035 |

| | | | | |
|---|---|---|---|---|
| | | ഗ്യാസ് ക്രിമിറ്റോറിയം | | |
| ജില്ലാ പഞ്ചായത്ത് | 375000 | 15/18-വികലാംഗ വിദ്യാര്ത്ഥി സ്കോളര്ഷിപ്പ് | 286150 | 88850 |
| ബ്ലോക്ക് പഞ്ചായത്ത് | 375000 | 15/18-വികലാംഗ വിദ്യാര്ത്ഥി സ്കോളര്ഷിപ്പ് | 286150 | 88850 |
| ബ്ലോക്ക് പഞ്ചായത്ത് | 170000 | 37/18-നെല്കൃഷി വികസനം | 170000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 100000 | പെയിന് ആന്റ് പാലിയേറ്റീവ് | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 85000 | പച്ചക്കറിക്യഷി | 85000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 1105957 | അങ്കണവാടി പോഷകാഹാരം | 694143 | 411814 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിൻ മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം.തീയ്യതി. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടര് അതോറിറ്റി | 151/18-അങ്കണവാടി ട്രെയിനിംഗ് സെന്റര് വാട്ടര് കണക്ഷന് | 21700823 | 188000 | 0 | 188000 |
| കേരള വാട്ടര് അതോറിറ്റി | 79/18-അങ്കണവാടി വാട്ടര് കണക്ഷന് | 21701198 21701225 | 362000 | 0 | 362000 |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോര്ഡ് | 132/18-സ്ട്രീറ്റ് ലൈറ്റ് ലൈന് എസ്റ്റിമേഷന് | 21700837 | 853894 | 0 | 853894 |
| കേരള സ്റ്റേറ്റ് | 132/18-സ്ട്രീറ്റ് ലൈറ്റ് | 21700946 | 226549 | 0 | 226549 |

| | | | | | |
|---|---|---|---|---|---|
| ഇലക്ട്രിസിറ്റി ബോര്ഡ് | ലൈന് എസ്റ്റിമേഷന് | | | | |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോര്ഡ് | 132/18-സ്ട്രീറ്റ് ലൈറ്റ് ലൈന് എസ്റ്റിമേഷന് | 21700947 | 108995 | 0 | 108985 |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോര്ഡ് | 132/18-സ്ട്രീറ്റ് ലൈറ്റ് ലൈന് എസ്റ്റിമേഷന് | 21700872 | 1888220 | 0 | 1888220 |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോര്ഡ് | 132/18-സ്ട്രീറ്റ് ലൈറ്റ് ലൈന് എസ്റ്റിമേഷന് | 21700613 | 31136 | 0 | 31136 |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോര്ഡ് | 44/18-ഗ്യാസ് ക്രമിറ്റോറിയം | 21700867 | 39306 | 0 | 39306 |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോര്ഡ് | 166/18-സ്വിമ്മിംഗ് പൂള് സര്വ്വീസ് കണക്ഷന് | 21700894 | 22500 | 0 | 22500 |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോര്ഡ് | 166/18-സ്വിമ്മിംഗ് പൂള് സര്വ്വീസ് കണക്ഷന് | 21700706 | 5800 | 0 | 5800 |

പഞ്ചായത്ത് ലഭ്യമാക്കിയ വിവരമാണ് മേൽ കാണിച്ചത്. എന്നാൽ ഈ വിവരം അക്കൗണ്ടുമായി പൊരുത്തപ്പെടുന്നില്ല. പൊരുത്തപ്പെടാത്താതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപ | 20000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 20000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 20000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| മലബാർ ടൂറിസം ഡവലപ്പ് മെന്റ് കോ-ഓപ്പ് ലിമിറ്റഡ് (ഷെയർ) | 20000 |
| ആകെ | 20000 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 66531/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2013-14, 2014-15 | 3-7 | 200 | പികോസ്, പിണറായി | 1117080100939 തീയ്യതി 30.05.2017 |
| 2011-12, 2012-13 | 3(1) | 62433 | വിജേഷ് | 117080101465 തീയ്യതി 10/07/17 |
| 2003-04 | 3-21 | 335 | എച്ച് എം, ശാരദാവിലാസം ജെബിഎസ്, പിണറായി | 117080104090 തീയ്യതി 17.11.17 |
| 2003-04 | 2-1 | 150 | പി വി അരവിന്ദാക്ഷന്, എല് പി എസ് എ, ആര് സി അമല ബേസിക് എല് | 117080105151 തീയ്യതി 13.12.2017 |

| | | | | |
|---|---|---|---|---|
| | | | പി എസ് | |
| 2015-16 | 3-7 | 3413 | പികോസ്, പിണറായി | 117080500031 തീയ്യതി 08/02/18 |
| | ആകെ | 66531/- | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 | 3-5 | 2014-15 | 27/26.06.2014 | 2011-12, 2012-13 പ്രൊജക്ട് -23/11-12 കേരളോൽസവം ക്ലബ്ബുകൾക്ക് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങിയത് വ്യാജ വൗച്ചർ നിർമ്മിച്ച് സമർപ്പിച്ചത്. | നിലനിൽക്കുന്നു |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,72,88,690 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,39,03,069.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 9,701 |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6,15,315 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപേരും |
|---|---|---|
| 2-1 | 5951 | ശ്രീ. പത്മനാഭൻ, കെ.വി., സെക്രട്ടറി |
| 2-4 | 3750 | ശ്രീ. പത്മനാഭൻ, കെ.വി., സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 547365 | പത്മനാഭൻ . കെ വി, സെക്രട്ടറി. |
| 3-12 | 67950 | പത്മനാഭൻ . കെ വി, സെക്രട്ടറി. |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിൻ / തടസ്സത്തിൻ ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| പത്മനാഭൻ . കെ വി. | സെക്രട്ടറി, പിണറായി ഗ്രാമപഞ്ചായത്ത് | അഭിനന്ദനം, കീഴത്തൂർ, പാതിരിയാട്.പി.ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | KSA/KNR/C-7/04/2018 dt.27/3/18 | 1 |
| 1999-00 | KSA/KNR/C-7/04/2018 dt.27/3/18 | 4 |
| 2000-01 | KSA/KNR/C-7/04/2018 dt.27/3/18 | 5 |
| 2002-03 | KSA/KNR/C-7/04/2018 dt.27/3/18 | 3 |
| 2003-04 | KSA/KNR/C-7/04/2018 dt.27/3/18 | 2 |
| 2004-05 | KSA/KNR/C-7/04/2018 dt.27/3/18 | 1 |

| | | |
|---|---|---|
| 2006-07 | KSA/KNR/C-7/04/2018 dt.27/3/18 | 1 |
| 2008-09 | KSA/KNR/C-7/04/2018 dt.27/3/18 | 3 |
| 2009-10<br>2010-11 | KSA/KNR/C-7/04/2018 dt.27/3/18 | 3 |
| 2011-12<br>2012-13 | KSA/KNR/C-7/04/2018 dt.27/3/18 | 6 |
| 2013-14<br>2014-15 | KSA/KNR/C-7/04/2018 dt.27/3/18 | 4 |
| 2015-16 | KSA/KNR/C-7/04/2018 dt.27/3/18 | 7 |
| 2016-17 | KSA/KNR/C7-1419/17 dt.04.10.17 | 10 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം. കെ.എസ്.എ./കെ.എൻ.ആർ./സി.7/1727/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497 2707698
തിയതി: 29.11.2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- 215(6) വകുപ്പ് , 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പിണറായി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ

സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ല ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-2-1

# RECEIPT AND PAYMENT STATEMENT OF PINARAYI GRAMA PANCHAYAT FOR THE PERIOD FROM 1-4-2017 TO 31-3-2018

| Code No | Head Account | Schedule | Amount ₹ |
|---|---|---|---|
| | Opening Balance | | |
| | Bank<br>Cash | RP-40(a)<br>RP-40(a) | 19715130.95<br>114563.00 |
| | Receipts | | |
| | | | |
| 110000000 | Tax Revenue | RP-1 | 1266630.00 |
| 140000000 | Fees & User Charges | RP-4 | 571416.00 |
| 150000000 | Sale & Hire Charges | RP-5 | 96654.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 45239882.00 |
| 171000000 | Interest Earned | RP-9 | 224555.00 |

| | | | |
|---|---|---|---|
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 5182127.00 |
| 350000000 | Other Liabilities | RP-36 | 315245.00 |
| 431000000 | Sundry debtors (Receivable) | RP-43 | 68551.00 |
| Non Operating | | | |
| 180000000 | Other Income | RP-10 | 8.00 |
| 311000000 | Earmarked Funds | RP-29 | 25549.00 |
| 340000000 | Deposits Received | RP-34 | 93988.00 |
| 350000000 | Other Liabilities | RP-36 | 217487.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3915023.00 |
| 460000000 | Loans, Advances and Deposits | RP-47 | 71575.00 |
| Grand Total | | | 77118383.95 |
| | Payments | | |
| Operating | | | |
| 210000000 | Establishment Expenses | RP-11 | 2764810.00 |
| 220000000 | Administrative Expenses | RP-12 | 792955.00 |
| 230000000 | Operations & Maintenance | RP-13 | 1077724.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 5464719.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 14497378.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 662054.00 |

| | | | |
|---|---|---|---|
| | | | |
| 253000000 | Decentralised Plan Programme-Projects not in Sector | RP-18 | 926048.00 |
| 254000000 | Expen.of Transferrred Institutions & State Spon. Schems | RP-19 | 300880.00 |
| 255000000 | Maintance Projects | RP-20 | 8872409.00 |
| 280000000 | Prior Perid Items | RP-26 | (-)100119.00 |
| 320000000 | Grants, Funds &Contributions for specific Purposes | RP-31 | 0 |
| 350000000 | Othes Liabilities | RP-36 | 5210077.00 |
| Non Operating | | | |
| 240000000 | Interest & Finance Charges | RP_14 | 3783.00 |
| 280000000 | Prior Period Item | RP-26 | 11400.00 |
| 350000000 | Other Liabilities | RP-36 | 2563181.00 |
| 410000000 | Fixed Assets | RP-38 | 5730388.00 |
| 412000000 | Capital Work in Progress | RP-40 | 5237584.00 |
| 460000000 | Loans, Advances and Deposits | RP-47 | 2766223.00 |
| | Closing Balance | | |
| | Bank<br>Cash | RP-40(a)<br>RP-40(a) | 3107553.00<br>107761.00 |
| Grand Total | | | 77118383.95 |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-2-2

# INCOME AND EXPENDITURE STATEMENT OF PINARAYI GRAMA PANCHAYAT FOR THE PERIOD FROM 1-4-2017 TO 31-3-2018

| CODE | HEAD OF ACCOUNT | SCHEDULE | AMOUNT ₹ |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 4820360.00 |
| 130000000 | Rental Income from panchayat properties | I-3 | 65442.00 |
| 140000000 | Fees & User Charges | I-4(b) | 863656.00 |
| 150000000 | Sale & Hire Charges | I-5(b) | 106054.00 |
| 160000000 | Revenue Grants, Funds, Contributions and Compensations | I-6 | 113941328.00 |
| 171000000 | Interest Earned | I-8 | 224555.00 |
| 180000000 | Other Income | I-9 | 8.00 |
| A | Total Income | | 120021403 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9248934.00 |

| | | | |
|---|---|---|---|
| 220000000 | Administrative Expenses | I-11(b) | 792955.00 |
| 230000000 | Operations & Maintenance | I-12(b) | 1077724.00 |
| 240000000 | Interest & Finance Charges | I-13 | 3783.00 |
| 250000000 | Decentralised Plan Programme-Productive Sector | I-14 | 10332230.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 21516753.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1154994.00 |
| 253000000 | Decentralised Plan Programme-Projects not in Sector | I-14(c) | 926048.00 |
| 254000000 | Expen.of Transferrred Institutions & State Spon. Schems | I-14(d) | 62520580.00 |
| 255000000 | Maintance Projects | I-14(e) | 8872409.00 |
| 270000000 | Provisions and Write off | I-16 | 0 |
| 272000000 | Depreciation | I-17(a) | 834831 |
| B | Total Expenditure | | 117281241.00 |
| C=A-B | Gross Surplus / Defict Income over Expenditure | | 2740162.00 |
| D= 280000000 | Prior Period Item | I-18 | 275215.00 |
| E=C-D 290000000 | Gross Surplus/Defict of Income over Expenditure after prior Period items. Transfer to Reserve Funds | | 2464947.00 |
| | Net Balance being Surplus/Defict carried over to Balance Sheet (Panchayat Fund) | | |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-2-3

# BALANCE SHEET OF PINARAYI GRAMA PANCHAYAT AS ON 31-3-2018

| Code No | Description of Items | Schedule | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat Fund | B-1 | 17284579.75 |
| 311000000 | Earmarked Funds | B-2 | 51845.00 |
| 312000000 | Reserves | B-3 | 51544524.00 |
| | Total Reserve & Surplus | | 68880948.75 |
| | Grants , Contribution for specific purposes | | |
| 320000000 | Grants, Funds,Contributions for specific purposes | B-4 | 2453841.00 |
| | Total Grants,Contribution for specific purposes | | 2453841.00 |
| 330000000 | Secured Loans | B-5 | 0 |
| | Total Loans | | 0 |
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 433002.00 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | B-9 | 1359006.20 |
| | Total Current Liabilities and Provisions | | 1792008.20 |
| | TOTAL LIABILITIES | | 73126797.95 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 55212829.00 |
| 411000000 | Accumulated Depreciation | B-11 | (8389591.00) |
| 412000000 | Capital Work In Progress | B-11(a) | 3039697.00 |
| | Total Fixed Assets | | 49862935.00 |
| | Investments | | |
| 420000000 | Investments | | 20000 |
| | Total investments | | 20000 |
| | Current Assets,Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 17435879.00 |
| 450000000 | Cash and Bank balance | B-17 | 3215314.95 |
| 460000000 | Loans, Advances and Deposits | B-18 | 2592669.00 |
| | Total Current Assets,Loans and Advances | | 23243862.95 |
| | TOTAL ASSETS | | 73126797.95 |

ഡെപ്യൂട്ടി ഡയറക്ടർ